# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 മേയ് 15 | ദീപം 58 | നാളം 10 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





പി. സി. സിറിയക്


അങ്ങനെ അവസാനം, നമ്മുടെ വിഴിഞ്ഞം ആഴക്കടൽ തുറമുഖത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കാൻ നമുക്കു കഴിഞ്ഞു. 8800 കോടി ചെലവാക്കി, ആദ്യഘട്ടം പൂർത്തിയാക്കി, പ്രധാനമന്ത്രിതന്നെ ട്രാൻസ്ഷിപ്മെന്റ് പോർട്ട് രാജ്യത്തിനു സമർപ്പിച്ചു. അതോടെ, നമ്മുടെ കുട്ടികളുടെ പൊതുവിജ്ഞാന പരീക്ഷകളിലെ പല ചോദ്യങ്ങൾക്കും പുതിയ 'ശരി' ഉത്തരങ്ങൾ കണ്ടുപിടിക്കേണ്ടിവന്നിരിക്കുന്നു. ഇന്ത്യയിലെ ആഴമേറിയ തുറമുഖമേത്? പുതിയ ഉത്തരം, വിഴിഞ്ഞം! സൂയസ് കനാൽ - സിങ്കപ്പൂർ അന്താരാഷ്ട്രകപ്പൽച്ചാലിന് ഏറ്റവും അടുത്തുള്ള ഇടത്താവളത്തുറമുഖമേത്? ഉത്തരം, വിഴിഞ്ഞം; 10 നോട്ടിക്കൽ മൈൽ (18 കിലോമീറ്റർ) മാത്രം അകലെ!




# വിഴിഞ്ഞത്തെ കടൽക്കാറ്റ് പറയുന്നത്

ലോകത്തിലെ ഏറ്റവും വലിയ കപ്പലുകൾക്കുപോലും അടി തറയിൽ തട്ടാതെ, സുരക്ഷിതമായി ഒഴുകിനിൽക്കാവുന്ന തുറമുഖം? വിഴിഞ്ഞം, ആഴം 18 മുതൽ 20 മീറ്റർ വരെ!

കേരളത്തിന്റെ തെക്കുഭാഗത്ത് സമുദ്രതീരത്തിനു തൊട്ടടുത്തുതന്നെ അറബിക്കടലിൽ കുത്തനെ ഇറക്കമാണ്. ഇങ്ങനെ തീരത്തിനടുത്തുതന്നെയുള്ള ആഴക്കടലിനെ, മൂന്നു കിലോമീറ്റർ നീളമുള്ള ബ്രേക് വാട്ടർ എന്ന കടൽഭിത്തികൾ കെട്ടിവളച്ച് കപ്പലുകൾക്കു സ്വസ്ഥമായി ബെർത്തിൽ വന്നടുക്കാനും, നങ്കൂരമിട്ടു നിറുത്തി, ഭാരമേറിയ കണ്ടെയ്നർ പെട്ടികൾ ഇറക്കാനും കയറ്റാനും സൗകര്യമുണ്ടാക്കിയിരിക്കുകയാണ്. ഇവിടെ കൊച്ചി തുറമുഖത്ത് ഇത്തരം കടൽഭിത്തിയില്ലാതെതന്നെ പ്രശാന്തമായ തുറമുഖപ്പരപ്പിലേക്കു പ്രവേശിക്കാൻ വൈപ്പിൻഭാഗത്തുള്ള മണൽത്തിട്ട പൊളിച്ചാൽമാത്രം മതിയായിരുന്നു. അങ്ങനെ പൊളിച്ച മണൽത്തിട്ടയിലുണ്ടായിരുന്ന മണ്ണും കല്ലും നിക്ഷേപിച്ചാണ് വെല്ലിങ്ടൺ ദ്വീപ് ഉണ്ടായത്. പക്ഷേ, അവിടെ പത്തു മീറ്റർ ആഴം ലഭ്യമാക്കാൻപോലും ചെലവേറിയ ഡ്രെഡ്ജിങ് നിരന്തരം നടത്തേണ്ടിവരുമ്പോൾ വിഴിഞ്ഞത്ത് 18-20 മീറ്റർ ആഴം സ്ഥിരമായി, ഒരു ഡ്രെഡ്ജിങ്ങും ചെയ്യാതെതന്നെ, ലഭിക്കുന്നു,

വിഴിഞ്ഞത്തിന്റെ മറ്റൊരു വലിയ അനുകൂലഘടകമാണ്, മുകളിൽ സൂചിപ്പിച്ച അന്താരാഷ്ട്ര കപ്പൽച്ചാലുകൾക്കടുത്ത്, വെറും 10 നോട്ടിക്കൽ മൈൽ മാത്രം ദൂരത്തിൽ ഇടത്താവളമായി നിലകൊള്ളുന്ന തുറമുഖം. അവിടെയെത്തുന്ന കണ്ടെയ്നർ കപ്പലുകളെ ഒട്ടും താമസമില്ലാതെ 'ബെർത്ത്' ചെയ്യിച്ച്, ഉയർന്ന കാര്യക്ഷമതയുള്ള ആധുനികക്രെയിനുകൾ ഉപയോഗിച്ച് അതിവേഗം സുരക്ഷിതമായി ഇറക്കുകയും കയറ്റുകയും ചെയ്യാനും അത്യാവശ്യമായ ബങ്കറിങ് (അതായത്, ഇന്ധനസപ്ലൈ), ക്രൂ മാറ്റം (കപ്പലിൽ പണിയെടുക്കുന്നവരെ ഇറക്കി, പുതിയ ഷിഫ്റ്റുകാരെ കയറ്റുക) മുതലായ സേവനങ്ങളും കൂടി ലഭ്യമാക്കാനും കഴിഞ്ഞാൽ, ദുബായ്, കൊളംബോ മുതലായ തുറമുഖങ്ങൾക്കു വെല്ലുവിളി ഉയർത്താൻ നമ്മുടെ പുതിയ തുറമുഖത്തിനു കഴിയും; അവരുടെ സ്ഥിരം ബിസിനസ്സുകൾ പിടിച്ചെടുക്കാൻ സാധിക്കും.

വൻസാമ്പത്തികപ്രതിസന്ധികളിൽക്കൂടി കടന്നുപോകുന്ന കേരളമാണ് ഈ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കാൻവേണ്ടി ചെലവായ 8800 കോടി രൂപയുടെ സിംഹഭാഗവും മുടക്കിയത്. 5800 കോടിയാണ് നാം ചെലവിട്ടത്. കേന്ദ്രസർക്കാർ തന്നത് 900 കോടി മാത്രം. അതും കടമായിട്ട്. അദാനി മുടക്കിയത് 2100 കോടി മാത്രം. ഇനിയും 10,000 കോടി രൂപകൂടി മുടക്കിവേണം, പദ്ധതിയുടെ അടുത്ത മൂന്നു ഘട്ടങ്ങളുടെ പണി പൂർത്തിയാക്കാനും തുറമുഖത്തിന്റെ മുഴുവൻ ശേഷിയായ 50 ലക്ഷം കണ്ടെയ്നറുകളെ പ്രതിവർഷം കൈകാര്യം ചെയ്യാനുള്ള ലക്ഷ്യം സാധിക്കാനും കഴിയേണ്ടത്. ഇനി മുടക്കേണ്ട 10,000 കോടിയും, അദാനി ലഭ്യമാക്കുമെന്നു കരാർ പറയുന്നു. ഇതിന് ബാങ്കുവായ്പ എടുക്കാനായി കേരള സർക്കാർ നഷ്ടപരിഹാരം കൊടുത്ത് ഏറ്റെടുത്ത 275 ഏക്കർ ഭൂമി അദാനിക്കു സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ, 225 ഏക്കർ വിസ്തൃതിയിൽ സമുദ്രം നികത്തി ഭൂമിയാക്കി മാറ്റാൻ അദാനിക്ക് അനുവാദം നൽകിയിട്ടുണ്ട്. ഈ 500 ഏക്കർ ഭൂമിയും ബാങ്കുവായ്പയ്ക്ക് ഈടുവയ്ക്കാൻ അദാനിക്കു കഴിയും.

പദ്ധതി പൂർത്തിയാകുമ്പോൾ, കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അടിസ്ഥാനസൗകര്യവികസനപദ്ധതിയായിരിക്കും, വിഴിഞ്ഞം തുറമുഖപദ്ധതി. കേന്ദ്ര, സംസ്ഥാന സർക്കാരുകളുമായി മികച്ച ബന്ധം പുലർത്താനും സ്വാധീനം ചെലുത്താനും കഴിയുന്ന ഒരു വൻശക്തിക്കു മാത്രമേ, ഇതുപോലെ ഇരുസർക്കാരുകളുടെയും നിരവധി അനുമതികൾ ആവശ്യമായ ഒരു പദ്ധതി പൂർത്തീകരിക്കാൻ കഴിയൂ. ഇന്നത്തെ കേന്ദ്രസർക്കാരിന്റെ ചങ്ങാത്ത മുതലാളിമാരിൽ ഒന്നാംസ്ഥാനത്തുനിൽക്കുന്ന അദാനിക്കമ്പനി മനസ്സുവച്ചാൽ എല്ലാ വെല്ലുവിളികളെയും നേരിട്ട്, പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്നു നമുക്കു വിശ്വസിക്കാം.

വികസനത്തിൽ രാഷ്ട്രീയമില്ലെന്നു പറയുമ്പോഴും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയുംമുതൽ വിവിധ പാർട്ടികളുടെ പ്രാദേശികനേതാക്കൾവരെ ഈ പദ്ധതിയുടെ സമർപ്പണവേളയിൽ അതിന്റെ പിതൃത്വം അവകാശപ്പെടുന്നതു നാം കണ്ടു. ഏതായാലും, തങ്ങൾ അധികാരത്തിലെത്തുമ്പോൾ, മുമ്പു പ്രതിപക്ഷത്തിരുന്നപ്പോൾ എതിർത്തു സമരം ചെയ്ത കാര്യങ്ങളെല്ലാം സൗകര്യപൂർവം മറന്നുകൊണ്ട് വികസനപദ്ധതികൾ നടപ്പാക്കിയേ തീരൂ, എന്ന നിലപാടിലേക്കു മാർക്സിസ്റ്റ് പാർട്ടിയും മുഖ്യമന്ത്രി പിണറായി വിജയനും എത്തിച്ചേർന്നിരിക്കുകയാണെന്നു തോന്നുന്നു.

ഈയിടെ കൊല്ലത്തുവച്ചു നടന്ന മാർക്സിസ്റ്റ്പാർട്ടിയുടെ സംസ്ഥാനസമ്മേളനത്തിൽ അവർ തങ്ങളുടെ തീവ്ര ഇടതുപക്ഷനിലപാട് ഉപേക്ഷിച്ച് ഒരു വലതുപക്ഷപാർട്ടിയായി മാറാനുള്ള തീരുമാനം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതു നാം കണ്ടതാണല്ലോ. പരിപ്പുവടയും ചായയും മറ്റും പണ്ടേ ഉപേക്ഷിച്ച്, പഞ്ചനക്ഷത്രചുറ്റുപാടുകളിൽ പരിലസിക്കുന്ന സഖാക്കളാണല്ലോ ഇന്നത്തെ പാർട്ടിനേതാക്കൾ! ചൈനയുടെ മുതലാളിത്തകമ്മ്യൂണിസ്റ്റു പാർട്ടിയുടെ വെട്ടിത്തിളങ്ങുന്ന മാതൃക മുമ്പിലുള്ളപ്പോൾ, ക്യൂബയുടെ നിത്യദാരിദ്ര്യം ആർക്കുവേണം!


►08

# നിഖ്യാ വിശ്വാസപ്രമാണത്തിന് കോൺസ്റ്റാന്റിനോപ്പിളിൽ അംഗീകാരം

**നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര**

**14**





ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

**എ**പ്പിഫാനിയൂസിന്റെ വിശ്വാസപ്രമാണം താഴെ കൊടുക്കുന്നു: സർവശക്തിയുള്ള പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും ദൃശ്യാദൃശ്യങ്ങളായ എല്ലാ വസ്തുക്കളുടെയും നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകജാതനും, ലോകങ്ങൾക്കെല്ലാംമുമ്പ് പിതാവിൽ നിന്ന്, അതായത്, പിതാവിന്റെ സത്തയിൽ നിന്നു ജനിച്ചവനും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, പിതാവുമായി സമസത്തയായവനും, ആയ ഏക കർത്താവീശോമിശിഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു). ആകാശത്തിലും ഭൂമിയിലുമുള്ള വസ്തുക്കളെല്ലാം അവനാൽ നിർമ്മിക്കപ്പെട്ടു.

അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകാമറിയാമിൽനിന്ന് ശരീരമെടുത്ത് മനുഷ്യനായി. അവൻ പൊന്തിയോസ് പീലാത്തോസിന്റെ കാലത്ത് നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും, കഷ്ടതകൾ സഹിച്ചു മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗ്ഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും മഹത്വത്തിൽ വരുവാനിരിക്കുന്നു.

അവന്റെ രാജ്യത്തിന് അവസാനമുണ്ടാകയില്ല. പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകരിലൂടെ സംസാരിച്ചവനും കർത്താവും ജീവദാതാവും ആയ പരിശുദ്ധാത്മാവിലും ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു). പാപമോചനത്തിനുള്ള ഏകമാമോദീസാ ഞങ്ങൾ ഏറ്റുപറയുന്നു. മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന ലോകത്തിലെ ജീവിതവും ഞങ്ങൾ നോക്കിപ്പാർക്കുന്നു.

'ദൈവപുത്രൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നും 'ജനിക്കുന്നതിനുമുമ്പ് അവൻ ഇല്ലായിരുന്നു' എന്നും 'അവൻ ഇല്ലായ്മയിൽനിന്ന് ഉണ്ടായി' എന്നും 'അവൻ മറ്റൊരു ഹ്യൂപ്പോസ്റ്റാസിസാണ്', 'സത്തയാണ്', 'അവൻ ഒരു പ്രവാഹം ആണ്', 'മാറ്റമുള്ളതാണ്' എന്നും മറ്റും പറയുന്നവരെ കാതോലികവും അപ്പസ്തോലികവുമായ സഭ ശപിക്കുന്നു.

ഇതിന്റെ ആദ്യഭാഗം നിഖ്യാ വിശ്വാസപ്രമാണത്തിനു തുല്യമാണ്. പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെക്കാണിക്കുന്ന രണ്ടാം ഭാഗമാണ് ഇതിനു കൂടുതലായി ഉള്ളത്; അതായത്, 'പിതാവിൽനിന്നു പുറപ്പെട്ട്, പിതാവിനോടും പുത്രനോടുംകൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകരിലൂടെ സംസാരിച്ചവനും കർത്താവും ജീവദാതാവുമായ പരിശുദ്ധാത്മാവ്.'

നിഖ്യാ വിശ്വാസപ്രമാണം പോലെ 381 ലെ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണവും ജറുസലേംസഭയിലെ വിശ്വാസപ്രമാണത്തെ അടിസ്ഥാനമാക്കി രൂപീകരിക്കപ്പെട്ടതാണ് എന്നാണ് ഇപ്പോഴുള്ള ഭൂരിപക്ഷാഭിപ്രായം. 381 ലെ കൗൺസിൽ സാർവത്രികസൂനഹദോസാണ് എന്ന് 451 ലെ കാൽസിഡൻ കൗൺസിലിൽ അംഗീകരിച്ചപ്പോൾ മുതൽ ഗ്രീക്കുസഭ ഇത് തങ്ങളുടെ സഭയുടെ ഔദ്യോഗികവിശ്വാസപ്രമാണമായി അംഗീകരിച്ചു. ഇത് കുർബാനയിൽ ആദ്യമായി ഉൾപ്പെടുത്തിയത് ഏകസ്വഭാവചിന്താഗതിയുള്ള പീറ്റർ ഫുള്ളർ (467-488) എന്ന അന്ത്യോക്യൻ പാത്രിയാർക്കീസാണ്.

സാവധാനം മറ്റു സഭകളും ഇതു കുർബാനയിൽ ഉൾപ്പെടുത്തി. ഫ്രാങ്കിഷ് സഭയിൽ ഒൻപതാം നൂറ്റാണ്ടു മുതൽ കുർബാനയിൽ ഇത് ഉപയോഗിക്കാൻ തുടങ്ങി. മധ്യശതകങ്ങളിൽ 'പിതാവിൽനിന്നും (filioque) എന്നുകൂടി പാശ്ചാത്യസഭ ഇതിനോടു കൂട്ടിച്ചേർത്തു. റോമൻ റീത്തിൽ ഈ വിശ്വാസപ്രമാണം ഞായറാഴ്ചകളിലും തിരുനാളുകളിലും മാത്രമേ ഉപയോഗിക്കുന്നുള്ളു. പൗരസ്ത്യദേശങ്ങളിൽ മാമ്മോദീസായോട് അനുബന്ധിച്ച് ഇത് ഉപയോഗിക്കുന്നു.

**3. ഫീലിയോക്വേ വിവാദം**

'പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു' എന്ന് 381 ലെ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ കൃത്യമായി പറഞ്ഞുവച്ചു. പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ നിരാകരിച്ച സെമി-ആര്യന്മാർക്ക് കൊടുത്ത ഉത്തരവും കൂടിയായിരുന്നു ഇത്. എന്നാൽ, താമസിയാതെ 'പിതാവിൽനിന്നുള്ള പരിശുദ്ധാത്മാവിന്റെ പുറപ്പെടൽ' (procession) എങ്ങനെ എന്നു പലരും ചിന്തിക്കാനും ഉത്തരം കണ്ടെത്താനും തുടങ്ങി. ഈ പുറപ്പെടലിൽ പുത്രന്റെ പങ്ക് എന്ത്? പിതാവിൽ നിന്നു മാത്രമാണോ, അതോ പുത്രനിൽനിന്നുകൂടിയാണോ, കാരണം പിതാവിന്റെതന്നെ സത്തയല്ലേ പുത്രന്? തുടങ്ങിയുള്ള ചോദ്യങ്ങൾ ഉയർന്നുവന്നു. പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ്, പിതാവിൽനിന്നു പുത്രനിലൂടെ പുറപ്പെടുന്നു' എന്നാണ് ഗ്രീക്കു സഭ ചിന്തിച്ചത്. എന്നാൽ, 'പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും കൂടി പുറപ്പെടുന്നു' എന്ന് റോമൻ സഭയും ചിന്തിച്ചു. 'പുത്രനിലൂടെ' എന്ന ഗ്രീക്ക് സഭയുടെ പ്രയോഗവും 'പുത്രനിൽ നിന്നു കൂടി' എന്ന ലത്തീൻസഭയുടെ പ്രയോഗവും നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിലില്ലാത്തതാണ്.

589 ൽ സ്പെയിനിലെ തൊളേദോയിൽ കൂടിയ സിനഡിൽ പടിഞ്ഞാറൻസഭ 'പുത്രനിൽ നിന്നും കൂടി' (filioque) എന്നത് കൂട്ടിച്ചേർത്തു. അന്നത്തെ ഫ്രാങ്കിഷ് സഭ ഇത് ഔദ്യോഗികമായി പ്രാർഥനയിൽ ഉപയോഗിക്കാനും തുടങ്ങി. ഏതാണ്ട് ഇതുപോലുള്ള ഒരു പ്രയോഗം വി. അഗസ്റ്റിന്റെ ഫോർമുലയിൽ ഉണ്ടായിരുന്നു എന്ന് ആരോപിച്ചുകൊണ്ട് പടിഞ്ഞാറൻസഭ ഇതിനു കൂടുതൽ പ്രചാരം നൽകി. 1000-ാം ആണ്ടിനുശേഷം റോമും ഇത് ഔദ്യോഗികമായി അംഗീകരിച്ചു. കിഴക്ക്, പടിഞ്ഞാറ് സഭകൾക്കിടയിൽ വലിയ പ്രശ്നങ്ങൾക്ക് ഇതു വഴിതെളിച്ചു. സഭയുടെ യഥാർത്ഥവിശ്വാസത്തിന്മേലുള്ള പടിഞ്ഞാറിന്റെ കൈകടത്തലായി ഗ്രീക്കുസഭ ഇതിനെ കാണുകയും അതിന്റെ പേരിൽ അവസരം കിട്ടുമ്പോഴെല്ലാം പടിഞ്ഞാറിനെ കുറ്റപ്പെടുത്തുകയും ചെയ്തിരുന്നു. പടിഞ്ഞാറൻ റോമാസാമ്രാജ്യത്തിൽ (യൂറോപ്പ്) അഞ്ചു മുതൽ പത്തുവരെയുള്ള നൂറ്റാണ്ടുകളിലെ ജർമ്മാനിക് വംശജരുടെ കുടിയേറ്റത്തോടെയും മാനസാന്തരത്തോടെയും പുതുതായി ഉയർന്നുവന്ന പടിഞ്ഞാറൻസഭയുടെ വളർച്ചയും മേൽക്കോയ്മയും അംഗീകരിക്കാൻ പഴമയും പാരമ്പര്യവും പ്രൗഢിയുമുള്ള ബൈസന്റയിൻ സഭയ്ക്ക് ഒരിക്കലും സാധിച്ചിരുന്നില്ല. 'പുതുക്രിസ്ത്യാനി'കളായാണ് പടിഞ്ഞാറിനെ കിഴക്കൻസഭ (ഗ്രീക്കുസഭ) കണ്ടിരുന്നത്.

മധ്യകാലഘട്ടത്തിൽ പടിഞ്ഞാറൻ സഭ (റോമാസഭ) വളരെയേറെ മാറ്റങ്ങൾക്കു വിധേയമായെങ്കിൽ ഗ്രീക്കുസഭ പഴമയിൽത്തന്നെ (antiquity) തുടർന്നതാണ് പ്രശ്നങ്ങൾക്കു കാരണം. പരസ്പര അംഗീകാരത്തിനും വിട്ടുവീഴ്ചയ്ക്കും ആരും തയ്യാറായില്ല. എട്ടാം നൂറ്റാണ്ടിൽ ഫോസിയൂസ് കോൺസ്റ്റാന്റിനോപ്പിളിൽ പാത്രിയാർക്കീസായിരുന്ന കാലത്ത് 'ഫീലിയോക്വേ' യുടെ പേരിൽ റോമാസഭയെ വളരെ കുറ്റപ്പെടുത്തുകയും അതംഗീകരിച്ച റോമിലെ മാർപാപ്പായെ എതിർക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് പതിനൊന്നാം നൂറ്റാണ്ടിൽ മൈക്കിൾ ചെറുലാരിയൂസ് കോൺസ്റ്റാന്റിനോപ്പിൾ പാത്രിയാർക്കീസായിരുന്ന കാലത്താണ് ഈ പ്രശ്നത്തിന്റെ പേരിൽ (രാഷ്ട്രീയമുൾപ്പെടെ മറ്റു പല കാരണങ്ങളും) ഗ്രീക്കുസഭയും റോമാസഭയും വഴക്കടിക്കുകയും വേർപിരിയുകയും ചെയ്തത്. ■

---

കവിത — **ശ്യാമള അനിൽകുമാർ**

## കറുത്ത സൂര്യൻ

ചരിത്രങ്ങളുടെ കല്ലറകൾ പൊളിക്കുന്നു
പുരാണങ്ങൾക്കു വളമിടുന്നു കറുത്ത സൂര്യൻ
പുരാണം വർത്തമാനമാക്കി ചരിത്രം വാരി
യൊതുക്കിക്കെട്ടി മൂലയിലേക്കൊതുക്കുന്നു

ചിതലരിച്ച ചരിത്രങ്ങൾ എലികൾ
കരണ്ടതിൻ ബാക്കി ചരിത്രാന്വേഷികളുടെ കൈയിൽ
ചിതൽപ്പുറ്റിനകത്ത് നാഗമാണിക്യക്കല്ലുകൾ
അതു വെറും കല്ലുമാത്രമെന്നു തമ്പ്രാക്കളും

പുരാണങ്ങൾ പുസ്തകങ്ങളിൽ നിറയുമ്പോൾ
ശാസ്ത്രത്തെ തച്ചുടച്ച് ദേശങ്ങളുണ്ടായ കഥ
കാലത്തിന്റെ ചക്കിലിട്ടാട്ടി മനുഷ്യരെ മൃഗമാക്കി
തീണ്ടാപ്പാടകലെ മാറ്റിനിർത്തിയ കഥ

മനുസ്മൃതിയെ വേദവാക്യമാക്കേണ്ടതിൻ പൊരുൾ
നാനാത്വത്തിൽ ഏകത്വമെന്ന സംസ്കാരത്തെ
കുഴിച്ചുമൂടുമ്പോൾ ചുടുനിണമൊഴുകുന്നു
അല്പായുസ്സായി എന്റെ ദേശം ചുരുങ്ങുന്നു

ചരിത്രത്തിന്റെ ഊടും പാവും നെയ്യുന്ന
ഗവേഷകരുടെമേൽ നാഗങ്ങൾ അടയിരിക്കുന്നു
വല്മീകത്തിന്റെ വാതിൽ തുറക്കുവാനാകാതെ
സർപ്പങ്ങൾ ചുറ്റിനും ഇഴഞ്ഞുനടക്കുന്നു.

# കരിന്തിരി കത്തുന്ന യുവദീപങ്ങൾ



**ഡിജോ കാപ്പൻ**

**ഈ** ഭൂമിയിൽ ഓരോ കുഞ്ഞും നിഷ്കളങ്കതയുടെ മാലാഖാരൂപമായിട്ടു ജനിച്ചുവീഴുന്നത്. ഒരു കുഞ്ഞും കുറ്റവാളിയായി ജനിക്കുന്നില്ല. കളങ്കമില്ലാത്ത കുഞ്ഞിനെ സമ്മാനമായിത്തന്നിട്ട് അവരെ വളർത്തിവലുതാക്കാനുള്ള നിയോഗം ദൈവം മാതാപിതാക്കളെ ഏല്പിക്കുകയാണ്. ആ കുഞ്ഞിനെ നമുക്ക് ആരുമാക്കി മാറ്റാം. സൽപുത്രനോ ദുഷ്ടനോ വഴിപിഴച്ചവളോ മിടുമിടുക്കനോ മിടുക്കിയോ മരമണ്ടനോ ആക്കാം. നമ്മൾ നമ്മുടെ കുട്ടിയെ എങ്ങനെ വളർത്തുന്നു, എങ്ങനെ പരിശീലിപ്പിക്കുന്നു, എന്നെല്ലാമനുസരിച്ചാണ് കുട്ടി വളരുന്നത്, കുട്ടിയുടെ വാസനകൾ വികസിക്കുന്നത്, കുട്ടിയുടെ സ്വഭാവസവിശേഷതകൾ രൂപപ്പെടുന്നത്, ആരെങ്കിലുമൊക്കെയായി മാറുന്നത്.

അപ്പൻ, അമ്മ, മക്കൾ എന്നിവരുൾപ്പെടുന്ന ഒരു എക്സ്ക്ലൂസീവ് സർക്കിളാണ് കുടുംബവും ബന്ധുക്കളും. സുഹൃത്തുക്കളും അയൽവാസികളുമെല്ലാം ആ വലയത്തിനപ്പുറത്താണ്. ഈ സർക്കിളിലുള്ളവർക്ക് ആക്ഷേപങ്ങളും അഭിപ്രായങ്ങളും വിമർശനങ്ങളും അവതരിപ്പിക്കാനും ഏറ്റുവാങ്ങാനുമുള്ള വേദിയാണിത്. അത്തരമൊരു വേദി നഷ്ടപ്പെടുന്നതിന്റെ പരിണതഫലമായാണ് ഇന്നു പലരും കുറ്റവാളികളായിത്തീരുന്നത്. വനിതാജയിലുകളിൽ കഴിയുന്ന തൊണ്ണൂറുശതമാനം പേരും കുടുംബം എന്ന സവിശേഷവലയത്തിനു പുറത്തായവരാണ്.

ശാസ്ത്രസാങ്കേതികവളർച്ചയ്ക്കൊപ്പം പുതിയ കാലത്തെ ഡിജിറ്റൽഉപകരണങ്ങളുടെയും മറ്റും ലഭ്യതയും സൗകര്യങ്ങളും കുടുംബബന്ധങ്ങളിലെ വിള്ളലുകൾക്കു കാരണമാകുന്നുണ്ട്. ഇന്റർനെറ്റ് എന്ന ഏറെ സാധ്യതകളുള്ള ആശയവിനിയോപാധി ഏറ്റവും നിഷേധാത്മകമോ വികലമോ ആയി ഉപയോഗിച്ച നാടുകളിലൊന്ന് കേരളമാണെന്നു ദുഃഖത്തോടെ പറയേണ്ടിവരുന്നു. മൊബൈലിലാകട്ടെ, കംപ്യൂട്ടറിലാകട്ടെ ഇന്റർനെറ്റ് എന്ന ഏറെ സാധ്യതകളുള്ള ആശയവിനിമയോപാധി കുടുംബബന്ധങ്ങൾക്കുപുറത്ത് പുതിയ തെറ്റായ ബന്ധങ്ങൾ സ്ഥാപിക്കാനും, അശ്ലീലവെബ്സൈറ്റുകളും നീലച്ചിത്രങ്ങളും ആസ്വദിക്കാനും ദുർവിനിയോഗം ചെയ്യപ്പെട്ടു.

പുരുഷനെപ്പോലെതന്നെ സ്ത്രീകൾക്കും പുറംലോകത്തെ എത്തിപ്പിടിക്കാനുള്ള ഡിജിറ്റൽസാധ്യതകൾ മാറി. പരിധിയില്ലാത്ത ഇന്റർനെറ്റ് സമ്പർക്കംവഴിയുള്ള ബന്ധങ്ങൾ കുടുംബങ്ങളിൽ വിള്ളലുകൾ സൃഷ്ടിച്ചു. പല സ്ത്രീകളും ചതിക്കുഴികളിലകപ്പെട്ടു. കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരണയായി. ആഡംബരജീവിതത്തോടുള്ള ആസക്തി സ്ത്രീകളിലും വർധിച്ചു. സാമ്പത്തികമായും സാമൂഹികമായും ഉണ്ടായ അരക്ഷിതാവസ്ഥ സ്ത്രീകളെ കുറ്റകൃത്യങ്ങളിലേക്കു നയിക്കാൻ ഇടയാക്കി. എങ്ങനെയും പണം ഉണ്ടാക്കണമെന്ന ചിന്ത സമൂഹത്തിൽ വ്യാപിച്ചതോടെയാണ് കുറ്റകൃത്യങ്ങളിൽ സ്ത്രീപങ്കാളിത്തം വർധിച്ചത്.

> **കേരളത്തിന്റെ സാമൂഹികസുസ്ഥിതിയെയും പൊതുജനാരോഗ്യത്തെയും സാമ്പത്തികവളർച്ചയെയും ബാധിക്കുന്നതരത്തിൽ വലിയ വെല്ലുവിളി ഉയർത്തുകയാണ് മലയാളിയുടെ മദ്യപാനശീലം. ഇന്ത്യയിലെ ആളോഹരി മദ്യഉപഭോഗം 3.5 ലിറ്റർ ആണെന്നിരിക്കേ, കേരളത്തിലത് 8.7 ലിറ്ററാണ്. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്.**



സമൂഹത്തിൽ പൊതുവിലുണ്ടായ ജീർണതകളുടെ തുടർച്ചയാണ് സ്ത്രീകളുടെ ജീവിതത്തിൽ വന്ന മാറ്റവും. ആർഭാടജീവിതവും ആഡംബരസൗകര്യങ്ങളും സ്വപ്നംകണ്ട് കുറുക്കുവഴികൾ തേടുന്ന സ്ത്രീകളിൽ കുറ്റവാസന വർധിക്കുന്നു. ആഘോഷപ്പാർട്ടികളിൽ, സൗഹൃദക്കൂട്ടായ്മകളിൽ, മദ്യപിക്കുന്നത് അന്തസ്സിന്റെ പ്രശ്നമായി കാണുന്ന സ്ത്രീകളുടെ എണ്ണം വർധിക്കുന്നു.

ബാല്യകാലത്ത് നേരിട്ട ലൈംഗികമായ പീഡനമുൾപ്പെടെയുള്ള ദുരനുഭവങ്ങൾ സ്ത്രീകളിൽ കുറ്റവാസന ഉണ്ടാകാനുള്ള കാരണങ്ങളിലൊന്നാണ്. അതുപോലെ കുടുംബാംഗങ്ങളുടെ മദ്യപാനം, സംഘർഷഭരിതമായ കുടുംബാന്തരീക്ഷം, പെൺകുട്ടികളിൽ ഉണ്ടാക്കുന്ന നിഷേധാത്മകമനോഭാവം കുറ്റകൃത്യങ്ങളിലേക്കു നയിക്കാറുണ്ട്. കൊവിഡ് ലോക്ഡൗണിനുശേഷം പൊതുജീവിതം സാധാരണമായിക്കൊണ്ടിരിക്കുന്ന കാലയളവിൽ ജയിലുകളിൽ ഏറ്റവും കൂടുതൽ റിമാൻഡുകൾ വന്നത് നാർക്കോട്ടിക് കേസുകളിൽപ്പെട്ടവരാണെന്ന് വനിതാ ജയിലധികൃതർ വെളിപ്പെടുത്തുന്നു. ഇത്തരത്തിൽ ജയിലിലെത്തുന്നവരുടെ പ്രായം പതിനെട്ടിനും മുപ്പത്തിയഞ്ചിനും ഇടയിലാണെന്നതും കൂടുതലും പ്രൊഫഷണൽ കോളജുകളിൽ പഠിക്കുന്ന വിദ്യാർഥികളാണെന്നതുമാണ് മറ്റൊരു വസ്തുത. മയക്കുമരുന്നുകൾ ഉപയോഗിച്ചതിന് അറസ്റ്റിലായ വനിതകളേറെയും ഹൈപ്രൊഫൈലുകാരായിരുന്നത്രേ. വിദ്യാഭ്യാസപരമായും തൊഴിൽപരമായും സ്വയംപര്യാപ്തത നേടിയ വനിതകളായിരുന്നു ഇവരിലധികമെന്നതും കണ്ടെത്തുകയുണ്ടായി. അല്ലാത്തവരാകട്ടെ, കാരിയർമാരായി പോകവേയാണ് പിടിക്കപ്പെട്ടത്. കാരിയർമാരായി പോകുന്നവർക്കുവേണ്ടിയിരുന്നത് പണമാണ്. ജീവിതം അടിച്ചുപൊളിക്കാനാവശ്യമായ പണം കണ്ടെത്താനുള്ള എളുപ്പവഴിയായി കാരിയർമാരായവരുണ്ട്. പുരുഷസുഹൃത്തുക്കളുടെ നിർബന്ധത്തിനു വഴങ്ങിയവരുമുണ്ട്.

കേരളത്തിന്റെ സാമൂഹികസുസ്ഥിതിയെയും പൊതുജനാരോഗ്യത്തെയും സാമ്പത്തികവളർച്ചയെയും ബാധിക്കുന്നതരത്തിൽ വലിയ വെല്ലുവിളി ഉയർത്തുകയാണ് മലയാളിയുടെ മദ്യപാനശീലം. ഇന്ത്യയിലെ ആളോഹരി മദ്യഉപഭോഗം 3.5 ലിറ്റർ ആണെന്നിരിക്കേ, കേരളത്തിലത് 8.7 ലിറ്ററാണ്. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. മദ്യത്തിന്റെ ലഭ്യത എത്ര വർധിക്കുന്നുവോ അതനുസരിച്ച് ഉപഭോഗവും വർധിക്കും എന്നത് ഒരു സിമ്പിൾ തിയറിയാണ്. കുടുംബസദസ്സുകളിലെ ആഘോഷവേളകളിൽ സ്ത്രീകളും മദ്യപിക്കുന്നത് ഇപ്പോൾ കണ്ടുവരുന്നു. പലപ്പോഴും പുരുഷന്മാരുടെ പ്രേരണയിൽ തുടങ്ങി പിന്നെ അത് ഒരു ശീലമായി മാറുന്നു. പുതിയ കാലത്ത് ടീനേജുകൾക്കും യുവതീയുവാക്കൾക്കും സൗഹൃദം പങ്കുവയ്ക്കാൻ പരിധിയില്ലാത്ത സ്വാതന്ത്ര്യം രക്ഷാകർത്താക്കളും സമൂഹവും അനുവദിച്ചുനൽകിയതിന്റെ ഫലമായി അവരുടെ ആഘോഷവേളകളിലെ ഒരവശ്യവസ്തുവായി ലഹരി മാറിയിട്ടുണ്ട്. പബുകളിലും ബാർഹോട്ടലുകളിലും ഇവരുടെ സജീവസാന്നിധ്യമുണ്ട്. രാഷ്ട്രത്തിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടാകേണ്ട യുവത്വത്തിന്റെ ക്രിയാശേഷി, വീടിനും നാടിനും കൈവിളക്കാകേണ്ട യൗവനം പാതിവഴിയിൽ കരിന്തിരി കത്തി കനൽക്കാഴ്ചയായിത്തീരുന്നു.

പുരുഷന്മാരിലേതിനെക്കാൾ സ്ത്രീകളിലാണ് മദ്യമയക്കുമരുന്നുപയോഗം കൂടുതൽ നാശനഷ്ടങ്ങളുണ്ടാക്കുന്നത്. രോഗങ്ങൾ, വരുമാനനഷ്ടം എന്നതൊക്കെ ഒരു സാധാരണപാർശ്വഫലം മാത്രമാണ്. അതിനുമപ്പുറം മനോവിഭ്രാന്തി, ആക്രമണോത്സുകത, കുടുംബശൈഥില്യം, ഒറ്റപ്പെടൽ, ഡിപ്രഷൻ, സംശയരോഗം, ആത്മഹത്യാപ്രവണത, വിവാഹമോചനസാധ്യത, റോഡപകടങ്ങൾ തുടങ്ങി തലച്ചോറിനുണ്ടാകുന്ന മന്ദതമൂലം സംഭവിക്കുന്ന അപചയങ്ങൾ അനവധിയാണ്. താൻ ഒരു ശക്തിശാലിയാണെന്നു തെറ്റിദ്ധരിച്ച് ഇക്കൂട്ടർ വിവേകശൂന്യമായി പല അതിക്രമങ്ങൾക്കും മുതിരുന്നു. ലഹരി നാഡീവ്യൂഹത്തെ തളർത്തുകയും നമ്മുടെ ആലോചനാശേഷിയെ നശിപ്പിക്കുകയും ചെയ്യും.

ജനപ്രിയസാഹിത്യകാരനായ ഹാരോൾഡ് റോബിൻസ് തനിക്ക് ഏറ്റവും പ്രിയപ്പെട്ട ലഹരിപദാർഥം സ്നേഹമാണെന്നു പറയുന്നു. വളരെയേറെ ആസ്വദിക്കാൻ കഴിയുന്ന, അക്രമസ്വഭാവം തീരെയില്ലാത്ത ഒരു ലഹരിയാണ് സ്നേഹം. സ്നേഹത്തെക്കാൾ പ്രകൃതിദത്തമായ ഒരു ഉത്തേജകമരുന്ന് വേറേയില്ലെന്ന് വളരുന്ന തലമുറയെ ബോധ്യപ്പെടുത്താൻ നമുക്കു കഴിയേണ്ടിയിരിക്കുന്നു. ■



*സിവിൽ സർവീസ് പരീക്ഷയിൽ 33-ാം റാങ്ക് നേടിയ ആൽഫ്രഡ് തോമസിനെ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി മാനേജർ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ആദരിക്കുന്നു. പ്രിൻസിപ്പൽ ഡോ. വി.വി. ജോർജുകുട്ടി, വൈസ് പ്രിൻസിപ്പൽ ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ, കുടുംബാംഗങ്ങൾ എന്നിവർ സമീപം.*




# അമ്മമ്മ

എന്റെ നാട്ടില് വീടിന്റെ അടുത്ത് ഒരു അമ്മമ്മ ഉണ്ടായിരുന്നു. അവരുടെ പേര് ഞങ്ങൾ കുട്ടികൾക്കോ മുതിർന്നവർക്കോ അറിയില്ലായിരുന്നു. എല്ലാവരും അവരെ പറയ്ക്കലെ അമ്മമ്മ എന്ന് വിളിച്ചുപോന്നു. വടകര ദേശത്തുനിന്നു കുടിയേറിപ്പാർത്തവരായതുകാരണം ആ നാട്ടു ഭാഷയായിരുന്നു അവരുടെ സൗന്ദര്യം. എന്റെ ചെറുപ്പത്തിൽ സ്കൂളിൽ പോയി വന്നശേഷമുള്ള വൈകുന്നേരങ്ങളിൽ ഭൂരിഭാഗവും ഞാൻ പറയ്ക്കലെ വീട്ടിലായിരുന്നു ചെലവഴിച്ചിരുന്നത്. വീട്ടതിരുകൾക്കന്ന് വേലികളില്ല. എന്റെ വീട്ടിൽനിന്ന് അവരുടെ വീട്ടിലേക്ക് രണ്ടു വാളമ്പുളിമരത്തിന്റെയും ഒരു നാട്ടുമാവിന്റെയും രണ്ടു പശുത്തൊഴുത്തിന്റെയും അകലമേ ഉണ്ടായിരുന്നുള്ളൂ. അന്നത്തെ കുടുംബങ്ങളിലൊക്കെ കുട്ടികളടക്കം ധാരാളം ആൾക്കാർ ഉണ്ടായിരുന്നു. ഓണത്തിനും വിഷുവിനും ആ വീട്ടിൽ മക്കളും കൊച്ചുമക്കളുമായി ഒത്തിരി ആളുകൾ വരും. പുളിമരത്തെ കെട്ടിപ്പിടിച്ചു നിൽക്കുന്ന മുല്ലമൊട്ടു പറിച്ച് മാലകെട്ടൽ, പറമ്പിന്റതിരിലെ തോട്ടില് മീൻ പിടിക്കൽ ഇതൊക്കെയായിരുന്നു ഏറ്റവും വലിയ വിനോദങ്ങൾ.

ഞാൻ കടന്നുചെല്ലുമ്പോഴൊക്കെ എന്നെമാത്രം കാത്തിരിക്കുന്നതുപോലെ ഇറയത്ത് അമ്മമ്മ പുഞ്ചിരിച്ച് ഇരിപ്പുണ്ടാവും. അവരെ ഒരിക്കലും നിറങ്ങൾ അണിഞ്ഞു കണ്ടിട്ടില്ല. നീരിറക്കത്തിന്റെ ശല്യം ഉള്ളതുകൊണ്ട് അമ്മമ്മ ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യംമാത്രമേ തല നനച്ചിരുന്നുള്ളൂ. അന്നവർ ദേഹത്ത് കുഴമ്പു പുരട്ടും; തലയിൽ പലതരം പച്ചമരുന്നിട്ടു കാച്ചിയ വെളിച്ചെണ്ണയും. കുളികഴിഞ്ഞിറങ്ങിയ അവരെ കാണാൻ എഴുപതു തൊട്ട പ്രായത്തിലും വല്ലാത്ത അഴകും ഗന്ധവുമായിരുന്നു. വെളുത്ത മുണ്ടും വെളുത്ത ബ്ലൗസും വെളുത്ത മേൽമുണ്ടും ധരിച്ച അവരുടെ കൈയിലെ ചുളിവുകളിൽ തൊട്ടുതലോടി ഞാൻ ചോദിക്കും, എന്താ അമ്മമ്മയുടെ മേല് ഇങ്ങനെയിരിക്കുന്നത്? ഇയ്ക്ക് പ്രായമായതുകൊണ്ടാണെന്ന് അവർ മറുപടി പറയും. എന്തുകൊണ്ടോ ആ പ്രായത്തിലും അവരുടെ തൊലിയും ഗന്ധവും എനിക്കു കിട്ടണമേ എന്നു ഞാൻ ആഗ്രഹിച്ചു. ഒരിക്കൽ, ഞാൻ അമ്മമ്മയോട് അവരുടെ പേരെന്തെന്നു ചോദിച്ചു. അമ്മമ്മ പുഞ്ചിരിച്ചുകൊണ്ട് അമ്മമ്മ എന്നുമാത്രം പറയും. മൂന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടി അത് അങ്ങനെതന്നെയാണെന്നു വിശ്വസിച്ചുപോന്നു. പിന്നീട് ഞാൻ ഒരിക്കലും അവരുടെ പേരു ചോദിച്ചിട്ടേയില്ല.

അവരായിരുന്നു ആ വീട്. മുറ്റത്ത് പൂത്തു നിന്നിരുന്ന മന്ദാരത്തെക്കാളും നിശാഗന്ധിയെക്കാളുമധികമായി അവർ പുഞ്ചിരിച്ചിരുന്നു. ഒരിക്കലും ചിരിച്ചുകൊണ്ടല്ലാതെ അവരെ എനിക്കു കാണാൻ സാധിച്ചിട്ടില്ല. ആ വീട്ടിൽ മക്കളും മരുമക്കളും അവരുടെ കൊച്ചുമക്കളുമൊക്കെ ഉണ്ടായിരുന്നെങ്കിലും എനിക്ക് ഏറ്റവും കൂടുതൽ അടുപ്പം അമ്മമ്മയോടായിരുന്നു. തൊണ്ണൂറു കാലഘട്ടത്തിൽ ഞങ്ങൾ അച്ചായന്മാർ കുടംപുളിയിട്ട് മീൻ വറ്റിച്ചെടുക്കുമ്പോൾ വടകരദേശക്കാർ അവരുടെ അടുക്കളയിൽ തേങ്ങ അരച്ചുവച്ച മീൻകറി എനിക്ക് ആദ്യമായി വിളമ്പി. അമ്മിക്കല്ലിൽ അരച്ചെടുക്കുന്ന മീൻകറി അന്ന് ഞങ്ങൾക്കു പുതുമയാണ്.

കാലം പോകെ ഞാൻ ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ ഒരോണക്കാലത്ത് എന്റെ വല്യമ്മച്ചി മരിച്ചുപോയി. അത്രയും നാൾ ഞാൻ അമ്മച്ചിയുടെ കഥകളുടെ കൂടെയായിരുന്നു കിടന്നിരുന്നത്.

അമ്മച്ചിയുടെ മണം, കറുത്ത കരിമ്പടത്തിന്റെ ചൂടും വാത്സല്യവും ഒക്കെ നഷ്ടപ്പെട്ടുതുടങ്ങിയപ്പോൾ ഞാൻ വീണ്ടും അമ്മമ്മയോട് അടുത്തുതുടങ്ങി അവരെന്റെ തലയിൽ പലപ്പോഴും തലോടിയിരുന്നു. സ്കൂള് വിട്ടു വരുന്ന എന്റെ തലമുടി വെറുതെ കെട്ടഴിച്ച് ഒന്നു കുടഞ്ഞിട്ട് വീണ്ടും കെട്ടിവയ്ക്കും. തൊടലുകളുടെയും തലോടലുകളുടെയും വില അതു നഷ്ടപ്പെടുമ്പോൾമാത്രമാണല്ലോ നമ്മൾ അറിയുന്നത്. ശിശിരമാകുമ്പോഴേക്കും അവർക്കും ഞങ്ങൾക്കും പറമ്പ് നിറയെ ചക്ക കായ്ക്കും. ചുവന്ന ചീരത്തലപ്പുകൾ ചിരിക്കും. ചക്കമണങ്ങൾ അതിരുവിട്ട് ദേശങ്ങളിലേക്ക് ഇണക്കത്തോടെ യാത്രപോകും. ഞങ്ങൾ രണ്ടു വീട്ടുകാരും ചക്കകൊണ്ട് വ്യത്യസ്തതരത്തിലുള്ള വിഭവങ്ങളാണ് ഉണ്ടാക്കുന്നത്. എന്റെ വീട്ടിൽ ജീരകവും വെളുത്തുള്ളിയും തേങ്ങയും അരച്ച് ചക്കപ്പുഴുക്ക് ഉണ്ടാക്കുമ്പോൾ, അമ്മമ്മ ചക്കക്കുരു ചേർത്താണ് പുഴുക്കുണ്ടാക്കുന്നത്. എന്നാൽ, എത്ര അടുക്കളപാരമ്പര്യം പറഞ്ഞാലും എന്റെ അമ്മയ്ക്ക് എത്തിനോക്കാൻ പറ്റാത്ത അത്ര ഒരു രുചിക്കൂട്ട് അമ്മമ്മയുടെ കൈക്കുള്ളിൽ ഉണ്ടായിരുന്നു. ചക്കക്കാലത്തെ ഏറ്റവും പ്രിയപ്പെട്ട പലഹാരമായിരുന്നു അത്. രാത്രികാലങ്ങളിലാണ് അതു തയ്യാറാക്കുന്നത്. മുറത്തിലേക്ക് അടർത്തിയിട്ട പഴുത്ത ചക്കച്ചുളകൾ അടുപ്പത്ത് വലിയ ഉരുളിയിൽവച്ച് ശർക്കരപ്പാനിയിൽ വരട്ടിയുണ്ടാക്കിയെടുക്കുന്ന ഒരു വിഭവം. ഞങ്ങൾ അതിനെ ചക്ക വരട്ടിയത് എന്നു പറയും. ചക്ക ഹൽവ എന്നു പറഞ്ഞാൽ ഒരുപക്ഷേ, രുചി കുറഞ്ഞുപോകും. അത്രയേറെ മധുരതരമായിരുന്നു അത്. എന്റെ അമ്മ എടനയില വാട്ടി കുമ്പിളപ്പം അപ്പച്ചെമ്പിൽ വേവിച്ചെടുക്കുമ്പോൾ അമ്മമ്മ ഒരു കുഞ്ഞുപാത്രത്തില് ചക്ക വരട്ടിയതുമായി വരും. അതിന്റെ ആദ്യത്തെ കഷണം എനിക്കു തന്നെയാണ്. ചക്കരമിട്ടായി അലിയിച്ച് എടുക്കുമ്പോലെ വളരെയേറെ സമയമെടുത്ത് നാവിലിട്ട് അലിയിച്ചാണ് ഞങ്ങള് പിള്ളാര് ചക്ക വരട്ടിയതു കഴിക്കുന്നത്. അത്രയ്ക്കു സ്വാദായിരുന്നു അതിന്. വേനൽക്കാലത്തേക്കുമാത്രമല്ല, ആ വർഷം മുഴുവനും വരുന്ന വിരുന്നുകാർക്കുവേണ്ടിയുള്ള മധുരപലഹാരംകൂടിയായിരുന്നു അത്. ഞാൻ എസ്എസ്എൽസി കഴിഞ്ഞു. പാലാ അൽഫോൻസായിലേക്ക് പിന്നീടുള്ള പഠനം തുടർന്നു. എല്ലാ അവധികൾക്കും വീട്ടിലെത്തിക്കഴിഞ്ഞാൽ പറത്തിവിട്ട തുമ്പിയെപ്പോലെ ഞാൻ ആദ്യം പോകുന്നത് അമ്മമ്മയുടെ അടുത്തേക്കായിരുന്നു. അവിടത്തെ അടുക്കയലമാരയിൽ എവിടെയാണ് പലഹാരങ്ങൾ സൂക്ഷിച്ചുവയ്ക്കുന്നത് എന്ന് ഒരുപക്ഷേ അവിടത്തെ കൊച്ചുമക്കളെക്കാൾ കൂടുതലായി അറിയാമായിരുന്നത് എനിക്കായിരുന്നു. മല്ലികച്ചേച്ചി (അമ്മമ്മയുടെ മൂത്ത മരുമകൾ)എനിക്ക് മീൻകറി ഒഴിച്ച് ചോറു വിളമ്പും. വിശന്ന കുട്ടിയെപ്പോലെ ഞാനത് ആർത്തിയോടെ വാരിക്കഴിക്കും. ചുറ്റുമിരിക്കുന്നവരോട് ഒരുപാട് സംസാരിച്ചാണ് ഭക്ഷണം കഴിക്കുന്നത്. ചോറുണ്ടുകഴിഞ്ഞാൽ പിന്നെ അമ്മമ്മ അലമാര തുറന്ന് ചക്ക വരട്ടിയത് എടുത്ത് മുറിച്ചു തരും. വാശിപിടിച്ച കുട്ടിയെപ്പോലെ വീണ്ടും വീണ്ടും ഞാനത് ലജ്ജയില്ലാതെ ആവശ്യപ്പെടും.

കുട്ടിക്കാലത്ത് അയൽപക്കങ്ങളിൽ അത്രയും അവകാശം ലഭ്യമായിരുന്നു.

ഇന്നില്ലാതെ പോകുന്നതും അതുതന്നെ. ആഹാരസേവ കഴിഞ്ഞാൽ പിന്നെ കഥകളാണ്. വെളുത്ത വിരിപ്പുവിരിച്ച കട്ടിലിൽ അമ്മമ്മ കിടക്കും. കാൽച്ചുവട്ടിൽ അത്രയും കാലത്തെ മലയാള മനോരമ, മംഗളം എല്ലാം കാണും. നോവലുകൾ വായിച്ചുകൊണ്ട് ഞാനിരുന്ന് വർത്തമാനം പറയും. എന്റെ എല്ലാ വർത്തമാനങ്ങളും രണ്ടു ചെവിയും തുറന്നുവച്ച് കണ്ണുകൾ എനിക്കുമാത്രമായി തന്ന് അമ്മമ്മ എന്റെ ചുറ്റിലും നിറയും. ചക്കപ്പഴങ്ങളുടെ ഗന്ധവുമായി തണുത്ത കാറ്റ് തുറന്നിട്ട ജനലിൽക്കൂടി വരും. പെണ്ണുങ്ങൾമാത്രമുള്ള കോളജ് ആയിരുന്നിട്ടുകൂടി ഒരോർമപ്പെടുത്തൽ



എന്നപോലെ പ്രേമോന്നുമില്ലല്ലോ എന്നു ചോദിച്ച് അമ്മമ്മ ഉറപ്പുവരുത്തും. അവിടെ ഫ്രഞ്ച് പഠിപ്പിക്കുന്ന ഒരു പാതിരിമാത്രമേയുള്ളൂ അമ്മമ്മേ എന്നു ഞാൻ ചിരിച്ചുകൊണ്ട് മറുപടി പറയും. പലപ്പോഴും ഞാൻ ഓർക്കും, അമ്മമ്മയ്ക്ക് എന്റെ അതേ പ്രായമായിരുന്നോ എന്ന്. എത്രയൊക്കെ വിഷമത്തിന്റെ ഇടയ്ക്കും മനുഷ്യൻ ചിരിച്ചുമാത്രമേ പെരുമാറാവൂ എന്ന് എന്നെ പഠിപ്പിച്ച മുഖങ്ങളിൽ ഒന്നാണ് അമ്മമ്മ. ഒരുപക്ഷേ, അമ്മമ്മ മാത്രമല്ല ആ കാലഘട്ടങ്ങളിലെ സ്ത്രീകളെല്ലാവരും വളരെ കരുത്തുള്ളവരായിരുന്നു. ഞാൻ വളർന്നു. ഇരുപതു വയസ്സിനു മുമ്പേ ഞാൻ വിവാഹിതയായി. കല്യാണം അടുത്തപ്പോൾ അമ്മമ്മ എന്നോടു പറഞ്ഞു, ഭർത്താവിന്റെ കാലിൽ തൊട്ട് വന്ദിച്ചിട്ട് വേണം അടുക്കളയിൽ കയറാൻ എന്ന്. തൊണ്ണൂറുകളിൽ അടുക്കള ആയിരുന്നല്ലോ പെണ്ണിന്റെ ലോകം. ഒരു ക്രിസ്ത്യാനിപ്പെണ്ണിന് അതത്ര പഥ്യമാകുമായിരുന്നില്ല. എന്നാലും, അമ്മമ്മ പറഞ്ഞതിനെക്കാൾ അധികമായി സ്നേഹമെന്ന വികാരം എനിക്ക് അദ്ദേഹത്തോടുണ്ടായിരുന്നു. എപ്പോ നാട്ടിൽ ചെന്നാലും പതിവുപോലെ ഞാൻ അമ്മമ്മയുടെ അടുത്തു പോകും. നെഞ്ചിൽ താലിയും നെറ്റിയിൽ സിന്ദൂരവും കണ്ടില്ലെങ്കിൽ അമ്മമ്മയുടെ മുഖം വാടും. നിനക്കു സുഖമല്ലേ കുട്ടീ എന്ന് വാത്സല്യത്തോടെ ചോദിക്കും. തീരെ വണ്ണമില്ലാത്ത ചുക്കിച്ചുളിഞ്ഞ വിരലുകൾ എന്റെ കവിളിൽ തൊടും. ഓൻ പറയുന്നതെല്ലാം അനുസരിക്കണമെന്ന് എന്നെ ഓർമിപ്പിക്കും. അവിടെനിന്ന് തിരിച്ചു പോരുമ്പോൾ കുട്ടിയായിരുന്നാൽ മതി എന്ന ചിന്ത എന്റെ ഉള്ളിൽ കൂടും. ഞാൻ അന്നൊക്കെ തിരുവമ്പാടിയിൽ ആയിരുന്നു. അങ്ങനെ ഒരു പുലർച്ചെ എന്റെ അമ്മ ഫോൺ വിളിച്ചു പറഞ്ഞു, അമ്മമ്മ മരിച്ചുപോയി എന്ന്. അന്നു വൈകുന്നേരം അമ്മമ്മയുടെ ദേഹമെരിച്ച അഗ്നിനാളങ്ങൾ വെളുത്ത മേഘപാളിയിലേക്ക് ഉയർന്നുപൊങ്ങുന്നത് ഞാനും അവരുടെ മക്കളോടൊപ്പം നോക്കിനിന്നു. ഒരു സ്നേഹം മരിച്ചുപോയ വേദനയോടെ അന്ന് ഞാൻ കിടന്നു. പിറ്റേദിവസം പത്രത്തിൽ ഞാനൊരു ചരമവാർത്ത കണ്ടു, കണ്ണാടിക്കൽ കൗസല്യ നിര്യാതയായി എന്ന്. മരിച്ചശേഷം മാത്രമറിഞ്ഞ ആ പേരിലേക്ക് ഞാൻ വീണ്ടും വീണ്ടും അതീവ സങ്കടത്തോടെ നോക്കിയിരുന്നു.

■

കവിത — സന്ധ്യ അരുൺകുമാർ

## വിഷം തീണ്ടല്ലേ

വിഷലഹരി നുരയും ചാവുകടലിലിറങ്ങൊല്ലേ!
വിഷലിപ്തസുഷുപ്തിയിൽ മുങ്ങല്ലേ!
വിഷമകരമാണാ മരണച്ചുഴി.

വിഷവിത്ത് വിതച്ചു വിപത്തുകൾ കൊയ്യുന്ന
നീചനിഷാദന്റെ വലയിൽ കുരുങ്ങല്ലേ
കുരുന്നു കൗമാരങ്ങളേ... അരുമക്കിടാങ്ങളേ...

വിരിയാതെ കൊഴിയൊല്ലേ,
വിടരും പൂവിൻ മൊട്ടുകളേ...
വിഷയങ്ങൾ നൂറുണ്ടീ മണ്ണിൽ,
വിഷംതീണ്ടാലഹരികൾ!

വിജ്ഞാനമാകട്ടെ, വിജയമാകട്ടെ
സ്നേഹമാകട്ടെ ലഹരി
വിഷം തീണ്ടല്ലേ... വിരിയാതെ കൊഴിയല്ലേ
കുരുന്നുപൂമൊട്ടുകളേ!


# ഇന്ത്യൻ ഷൂട്ടിങ്ങിൽ ‘തിര’മാലകൾ തീർത്ത അജയ്യൻ

■ ജോണി തോമസ് മണിമല

**ലോ**കകായികഭൂപടത്തിൽ ഇന്ത്യയെ ആർക്കും മായ്ക്കാനാവാത്ത ഒരു അഭിമാനചിത്രമായി വരച്ചുചേർത്ത വിഖ്യാതഷൂട്ടിങ് പരിശീലകൻ പ്രഫ. സണ്ണി തോമസ് നമ്മോടു വിടപറഞ്ഞിരിക്കുന്നു. ഇന്ത്യൻ ഷൂട്ടിങ്ങിനെ ലോകവേദിയിലേക്കു കൈപിടിച്ചുയർത്തിയ ഒരപൂർവപ്രതിഭയായിരുന്നു അദ്ദേഹം. രാജ്യം കണ്ട ഏറ്റവും മികച്ച ഷൂട്ടിങ് പരിശീലകൻ.

ഇന്ത്യൻ ഷൂട്ടിങ്ങിനെ ഒളിമ്പിക്സ്സ്വർണം സ്വപ്നം കാണാൻ പഠിപ്പിച്ച ഇതിഹാസപരിശീലകനായിരുന്നു സണ്ണി തോമസെന്ന് ഒളിമ്പ്യൻ പി.ടി. ഉഷ അനുസ്മരിക്കുമ്പോൾ, അദ്ദേഹത്തിന്റെ മഹത്ത്വം നമുക്കു ബോധ്യമാകും. പരിശീലനം തേടിവന്ന ഓരോ ഷൂട്ടറെയും തന്നോടു ചേർത്തു നിർത്തി, അവരിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ തേച്ചു മിനുക്കി, ലോകനേട്ടങ്ങളിലേക്ക് അദ്ദേഹം നയിച്ചു. സുഖത്തിലും ദുഃഖത്തിലും വാഴ്ചയിലും വീഴ്ചയിലും തന്നെ ചേർത്തുനിർത്തിയ ഗുരുവായിരുന്നു സണ്ണിസാറെന്ന് ദേശീയപരിശീലകനും ഏഷ്യൻ ഗെയിംസ് മെഡൽ ജേതാവുമായ ജസ്പാൽ റാണ സ്നേഹത്തോടെ ഓർക്കുന്നു.

അതേ, വെറുമൊരു പരിശീലകനല്ലായിരുന്നു സണ്ണി തോമസ്. പരിശീലനരംഗത്തു നിലവിലിരുന്ന സാമ്പ്രദായികരീതികളെയെല്ലാം അദ്ദേഹം തച്ചുടച്ചു. റേഞ്ചിനകത്തും പുറത്തും ഇന്ത്യൻ ഷൂട്ടർമാരുടെ സുഹൃത്തായി മാറിക്കൊണ്ട്, തന്റെ ശിഷ്യരിൽ ആത്മവിശ്വാസവും ലക്ഷ്യബോധവും നിറയ്ക്കുന്ന മനഃശാസ്ത്രപരമായ ഒരു സമീപനമായിരുന്നു അദ്ദേഹം കൈക്കൊണ്ടത്. ഈ പരിശീലനതന്ത്രം നൂറു ശതമാനം ഏകാഗ്രതയോടെ നിറയൊഴിക്കാൻ തന്റെ ശിഷ്യരെ പ്രാപ്തരാക്കി. ഉള്ളതു പറഞ്ഞാൽ, ഒരു സ്പോർട്സ് സൈക്കോളജിസ്റ്റായിരുന്നു അദ്ദേഹം. വിജയത്തിലും പരാജയത്തിലും അക്ഷോഭ്യനായി നിലകൊണ്ട ഒരു ‘സ്ഥിതപ്രജ്ഞൻ.’



കാളകെട്ടി അച്ചാമ്മ മെമ്മോറിയൽ സ്കൂളിലെ ആദ്യപ്രധാനാധ്യാപകനും കാഥികനുമായിരുന്ന തിടനാട് മേക്കാട്ട് കെ.കെ. തോമസിന്റെയും മറിയക്കുട്ടിയുടെയും മകനായി 1941 സെപ്റ്റംബർ 26 നാണ് സണ്ണി തോമസിന്റെ ജനനം. കോട്ടയം സി.എം.എസ്. കോളജിൽനിന്നു വിദ്യാഭ്യാസം പൂർത്തിയാക്കി, 1964 ൽ 26-ാം വയസ്സിൽ ഉഴവൂർ കോളജിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം, 33 വർഷത്തെ സേവനത്തിനുശേഷം വൈസ് പ്രിൻസിപ്പലായി 1997 ൽ വിരമിച്ചു. ഉഴവൂർ കോളജിൽ എത്തുംമുമ്പ് ഒരു വർഷം തേവര എസ്.എച്ച്. കോളജിലും പഠിപ്പിച്ചു. അധ്യാപകനായിരുന്ന അച്ഛന്റെ വഴി പിന്തുടർന്നാണ് സണ്ണി തോമസ് അധ്യാപനരംഗത്തെത്തുന്നത്.

ബാല്യകാലം ഓർത്തെടുത്തുകൊണ്ട് സണ്ണി ഒരിക്കൽ പറഞ്ഞ ഒരു കാര്യമുണ്ട്: അദ്ദേഹത്തിന്റെ അച്ഛൻ കെ.കെ. തോമസിന്റെ കൈയിൽ ഒരു നാടൻ തോക്കുണ്ടായിരുന്നു; ചെറുപ്പകാലത്തു പിതാവിനൊപ്പം പുരയിടത്തിൽ ചുറ്റിനടക്കുമ്പോൾ സണ്ണിയുടെ കൈയിൽ ഒരു തെറ്റാലിയും. തെറ്റാലിയിൽനിന്ന് ഉന്നം തെറ്റാതെ കല്ലുകൾ ലക്ഷ്യത്തിലെത്തിക്കുമ്പോൾ തന്നെ കെട്ടിപ്പിടിച്ച് അപ്പച്ചൻ അഭിനന്ദിക്കുമായിരുന്നത്രേ. അന്നു തെറ്റാലിയിൽനിന്നു പാഞ്ഞ ഉന്നംതെറ്റാത്ത കല്ലുകൾ നല്കിയ ആവേശമാവണം, ലോകത്തിന്റെ നെറുകയിൽനിന്നു ‘തിര’യുതിർക്കാൻ സണ്ണിയെ പ്രാപ്തനാക്കിയത്.

ഷൂട്ടിങ്മത്സരങ്ങളിൽ രാജ്യത്തിന്റെ വിജയത്തിലേക്കു പാഞ്ഞ ഓരോ ഷോട്ടിനു പിന്നിലും സണ്ണി തോമസിന്റെ ഒരു അദൃശ്യസാന്നിധ്യമുണ്ടായിരുന്നുവെന്ന് ഒളിമ്പിക്സ് വെള്ളിമെഡൽ ജേതാവ് ഗഗൻ നാരംഗ് അഭിമാനത്തോടെ അനുസ്മരിക്കുന്നു. വെറും മൂന്നു മെഡലിൽനിന്നു നൂറോളം മെഡലുകൾ നേടുന്ന നിലയിലേക്ക് രാജ്യത്തെ എത്തിച്ചതിൽ പരിശീലകനെന്ന നിലയിൽ അദ്ദേഹത്തിന്റെ പങ്ക് വലുതായിരുന്നു. അത്തരത്തിൽ ഇന്ത്യൻ ഷൂട്ടിങ്ങിന്റെ തലതൊട്ടപ്പനായിരുന്നു സണ്ണി തോമസെന്ന് ഗഗൻ നാരംഗ് പറയുന്നു.

1993 ലാണ് രാജ്യത്തെ ആദ്യ ദേശീയ ഷൂട്ടിങ് പരിശീലകനായി സണ്ണി തോമസിനെ നിയമിക്കുന്നത്. 2012 വരെ ആ സ്ഥാനത്തു തുടർന്നു. 2001 ൽ ‘ദ്രോണാചാര്യ’ ബഹുമതി നല്കി രാജ്യം സണ്ണി തോമസിനെ ആദരിച്ചു. 2004 ൽ ആതൻസ് ഒളിമ്പിക്സിൽ രാജ്യവർധൻസിംഗ് റാത്തോഡ് വെള്ളി നേടിയപ്പോൾ ഇന്ത്യയുടെ ഒളിമ്പിക് ചരിത്രത്തിലെ ആദ്യ വ്യക്തിഗത വെള്ളിമെഡലായി അത്. 2008 ലെ ബെയ്ജിങ് ഒളിമ്പിക്സിൽ അഭിനവ് ബിന്ദ്ര സ്വർണമണിഞ്ഞപ്പോൾ അത് ഇന്ത്യയുടെ ആദ്യ വ്യക്തിഗത സ്വർണമായി. 2012 ലെ ലണ്ടൻ ഒളിമ്പിക്സിൽ വിജയകുമാർ വെള്ളിയും ഗഗൻനീരജ് വെങ്കലവും നേടിയപ്പോഴും സണ്ണി തോമസെന്ന കൃതഹസ്തനായ ഷൂട്ടറുടെ കൈപ്പുണ്യം ലോകം കണ്ടറിഞ്ഞു.

അഞ്ചുവീതം ഒളിമ്പിക്സുകൾ, കോമൺവെൽത്ത് ഗെയിംസുകൾ, ആറ് ഏഷ്യൻ ഗെയിംസുകൾ, അമ്പതിലേറെ ലോക ചാമ്പ്യൻഷിപ്പുകൾ എന്നിങ്ങനെ സണ്ണി തോമസെന്ന പരിശീലകൻ നേടിയ നേട്ടങ്ങൾ ഏറെയാണ്. അച്ചടക്കത്തിന്റെയും ലക്ഷ്യബോധത്തിന്റെയും സർവോപരി, മനുഷ്യസ്നേഹത്തിന്റെയും പാഠങ്ങൾ സമൂഹത്തിനു പകർന്നുനൽകിയ ഒരു മാതൃകാപുരുഷനായിരുന്നു സണ്ണി തോമസെന്ന ഈ ഭാരതപുത്രൻ.

■



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും

2

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**അ**മ്മയുടെ തറവാടുവീടിന്റെ അടുത്താണ് പ്രതിമയുണ്ടാക്കുന്ന സ്ഥലം. ഇച്ചായന്മാർ അവിടേക്ക് ആരെയും കയറ്റിവിടില്ല. ഒരു ദിവസം അവിടെപ്പോയപ്പോൾ എല്ലാവരുടെയും കണ്ണുവെട്ടിച്ച് ഐവാൻ അവിടെ കയറിനോക്കി.

ഹോ, എന്തോരം രൂപങ്ങൾ! നീലയുടുപ്പിട്ടു നിൽക്കുന്ന ഉണ്ണീശോയെ നല്ല ഇഷ്ടമായി, അതിൽ ഒന്നു തൊട്ടപ്പോൾ പിറകിൽനിന്നു വിളിയുണ്ടായി:

“ഐവാനേ, അതിൽ തൊടരുത്, രണ്ടു ദിവസം കഴിഞ്ഞു കൊടുക്കാനുള്ളതാണ്.” മൂത്ത അമ്മാച്ചൻ ജോസിച്ചായനെ ഉള്ളിൽ കുറച്ചു പേടിയുള്ളതുകൊണ്ട് ഒന്നും മിണ്ടാതെ, കുറച്ചു സങ്കടപ്പെട്ടിട്ടാണെങ്കിലും പുറത്തേക്കുപോന്നു.

ജോസിയും ബെന്നിയും ഷാജിയും ഡ്രൈവറും ചേർന്ന് ഒരു രൂപം എടുത്തു തിണ്ണയിലേക്കു കൊണ്ടുവന്നു.

നന്നായി പ്ലാസ്റ്റിക്കിട്ടു പൊതിഞ്ഞ ആ രൂപത്തിന് നല്ല വലുപ്പമുണ്ടായിരുന്നു. വണ്ടിയിൽ നിന്നു പിന്നെയും നാലു രൂപങ്ങൾ കൂടി എടുത്തുകൊണ്ടുവന്നു.

അതിൽ ആരുടെയൊക്കെ രൂപമായിരിക്കും?

അകത്തുകയറി സംഭാരവും കുടിച്ചിട്ട്, അമ്മയോടായി ബെന്നിച്ചയാൻ പറഞ്ഞു:



‘‘ആശാമ്മ ഇത് ഇവിടെ കൊണ്ടുവയ്ക്കാൻ പറഞ്ഞത് നന്നായി. ഈ രൂപങ്ങൾ ഉണ്ടാക്കിവച്ചിട്ട് ഒരു മാസമായി, ഓർഡർ തന്ന പള്ളി അങ്ങ് വയനാടാണ്. വിചാരിച്ച നേരത്തു പള്ളിയുടെ പണി തീർന്നില്ല. അവരുടെ കുറ്റമല്ല, ഓരോന്നു ചെയ്തുവന്നപ്പോൾ പൈസ അങ്ങു തീർന്നു.”

“അവരിത് എടുക്കില്ലേ?”

“ഇതിന്റെ പൈസ പകുതി തന്നു, ബാക്കി അവിടെ എത്തിക്കുമ്പോൾ. അതൊന്നുമല്ല കുഴപ്പം വന്നത്, നമുക്കു കുറച്ചു പുതിയ ഓർഡറുകൾ വന്നു, വർക്ക്ഷോപ്പിൽ സ്ഥലമില്ല, ഇതുംകൂടി വെക്കാൻ. ഇതാരെങ്കിലും തട്ടിയും മുട്ടിയും നശിപ്പിക്കുമോ എന്നും പേടിയാണ്.”

“ഇവിടെ ആര് തട്ടാനും മുട്ടാനും? എടാ, പിങ്ക്ളാങ്കീ, ബെന്നിച്ചയാൻ പറഞ്ഞതു കേട്ടല്ലോ, ഇത് പള്ളിയിൽ കൊടുക്കാനുള്ളതാണ്, തൊട്ടുപോകരുത്.”

അമ്മ ഇങ്ങനെയാണ്, ആങ്ങളമാരെ കാണുമ്പോൾ നമ്മുടെ മുമ്പിൽ കുറച്ചു ഗമ കാണിക്കും. പപ്പയും അതു പറയും. അത്രകണിശമായി പറഞ്ഞത് ഐവാനെ കുറച്ചു സങ്കടപ്പെടുത്തി.

സിസിലിയാന്റി മുറി വൃത്തിയാക്കിയെന്നു പറഞ്ഞതും അമ്മാച്ചന്മാർ എഴുന്നേറ്റു പൊതിഞ്ഞു വച്ച രൂപങ്ങൾ ഓരോന്നെടുത്തു മുറിയിലേക്കു പോയി, വളരെ ശ്രദ്ധിച്ച് അവിടെയതു വച്ചു.

തന്നോടു കൂടുതൽ സ്നേഹം കാണിക്കുന്ന ഇളയ അമ്മാച്ചൻ ഷാജിച്ചായനോടു പിങ്ക്ളാങ്കി ചോദിച്ചു:

“ആരുടെ പ്രതിമയാണത്?”

‘‘പ്രതിമ എന്നു പറയാതെ രൂപം എന്നു പറയെടാ...”

“ആ രൂപം, അതാണ് ഞാൻ ഉദ്ദേശിച്ചത്.”

“അതേ, അഞ്ചു മാലാഖമാരുടേതാണ്.”

“ആരാണ് മാലാഖമാർ?”

“നീ കാവൽമാലാഖ എന്നു കേട്ടിട്ടില്ലേ?”

“ഉം...”

“അവരിൽ പ്രധാന അഞ്ചുപേർ. മിഖായേൽ, ഗബ്രിയേൽ, റഫായേൽ, ജോഫിയേൽ പിന്നെ ഏരിയൽ.”

‘‘വേദപാഠക്ലാസ്സിൽ മിഖായേൽ, ഗബ്രിയേൽ, റഫായേൽ എന്നിവരെക്കുറിച്ച് ഒരു ദിവസം ടീച്ചർ പറഞ്ഞുതന്നു. ജോഫിയേലും ഏരിയലും കേട്ടിട്ടില്ല.”

“സൗന്ദര്യത്തിന്റെ മാലാഖയായിട്ടാണ് ജോഫിയേൽ അറിയപ്പെടുന്നത്. നമ്മുടെ വീട്ടുകാരെ സഹായിക്കുന്നതും പിന്നെ പ്രശസ്തരാക്കിയതും ഈ മാലാഖയാണ്. അതായത്, സർഗശക്തിയുടെ മാലാഖ.”

‘‘സർഗശക്തി എന്നു പറഞ്ഞാൽ?”

“പടം വരയ്ക്കുന്നവർ, പാട്ടും കഥയുമൊക്കെ എഴുതുന്നവർ, ഉദാഹരണത്തിന് നമ്മുടെ പണിയെന്താ, രൂപം ഉണ്ടാക്കുന്നതല്ലേ? അങ്ങനെയുള്ളവരെ സഹായിക്കുന്ന മാലാഖ.”

“അപ്പോൾ ഏരിയലോ?”

“ആ മാലാഖ നമ്മുടെ പ്രകൃതിയെ സഹായിക്കുന്ന, മൃഗങ്ങളെ സംരക്ഷിക്കുന്ന മാലാഖയാണ്. ഒരു കാര്യം പറഞ്ഞേക്കാം, ആ പൊതിഞ്ഞുവച്ചിരിക്കുന്നതൊന്നും തുറന്നു നോക്കരുത്, നിനക്ക് ജോസിച്ചായന്റെ സ്വഭാവം അറിയാമല്ലോ, ദേഷ്യം വരും.” ഇല്ലെന്നു തലയാട്ടിയെങ്കിലും അവന്റെ മുഖം പറഞ്ഞു, ഞാൻ ഇതു തുറക്കുമെന്ന്.

(തുടരും)

നോവൽ 13

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

'...ന്റെ പൊന്നിച്ചാച്ചാ പിള്ളേര് സ്കൂളിൽ പോകുന്നതുവരെ ഒന്നു വീട്ടിൽനിയ്ക്ക്, പിന്നെ എതിലെയാന്നു വച്ചാൽ പൊക്കോ, ഇന്നലെ നനച്ചിട്ട, സാജന്റെ ആ കാക്കിനിക്കറും സുമേടെ പച്ചപ്പാവാടേം ഒണങ്ങിയില്ല. പിന്നെ ഞാൻ രണ്ടു ചിരട്ടകത്തിച്ച്, എളുപ്പം ഇസ്തിരിയിട്ടു കൊടുത്തു. ശരിക്കുണങ്ങീട്ടൊന്നുമില്ല, പിന്നെ അതുതന്നേയിടീച്ചുവിട്ടു, മുഷിഞ്ഞതിടുന്നതിനേക്കാൾ ഭേദമല്ലേ?"

അപ്പൻ ഒന്നു മുരടനക്കിയതുപോലുമില്ല. മൗനം ഭൂഷണമാക്കി.

"പിള്ളേര് പോയിക്കഴീമ്പം വന്ന് എന്നെത്തീറ്റാനും ലോഹ്യം കൂടാനും വരണ്ടാ." അമ്മയുടെ മനസ്സിൽ കലി ആളിക്കത്തുകയാണ്.

അമ്മ അരിവാളുമെടുത്ത് വാക്കപ്പറമ്പിലേക്കു പോകാനൊരുങ്ങി.

"ദേ, പിന്നെയൊരു കാര്യം, റോഡിലൂടെ ഞാൻ പുല്ലുംകെട്ടും ചുമന്നുവരുന്നതിനു നാണക്കേടുണ്ടെങ്കിൽ പറിച്ചിടുന്ന പുല്ല് ഒന്നു ചുമന്നിട്ടാൽ കുഴപ്പമില്ല. ഇന്നാള് ഞാൻ പുല്ലുംകെട്ടും ചുമ്മിക്കൊണ്ടു റോഡു ക്രോസു ചെയ്തുവരുമ്പം എന്റെ ചിറത്തലാട്ടേ കൊച്ചമ്മേടെ മകൻ കുറുവച്ചൻ കാറ് സഡൺബ്രേക്കിട്ടു നിർത്തി, എന്നെ വഴക്കു പറയാൻ. ഞാൻ കണ്ടഭാവം നടിക്കാതെ പോന്നു. എന്നിട്ടും അവൻ ചെന്ന് കൊച്ചമ്മയോടു പറഞ്ഞു. കൊച്ചമ്മയ്ക്കു സങ്കടവും നാണക്കേടുമായി."

"എന്നാ, ഒരു പശുനെ നമ്മക്കങ്ങു വിയ്ക്കാം, ഈ കാളച്ചന്തയ്ക്ക്, എന്നിട്ട് ഒരു പൈക്കിടാവിനെ മേടിക്കാം. അതാകുമ്പം ഈ വഴിയരികിലൊക്കെ മാറ്റിക്കെട്ടിയാ മതി, കുറച്ചു പൈസയ്ക്കും അത്യാവശ്യമൊണ്ട്."

"ന്റെ ഇച്ചാച്ചാ, എന്നതായിപ്പറയുന്നേ, ഇപ്പം അതിന്റെ നാഴിപ്പാലിന്റെ ബലത്തിലാ ഈ വീട് നടക്കുന്നേ, നിങ്ങളൊന്നും ചെയ്യണ്ടാ. ആ പുളിമൂട്ടിപ്പോയി കുത്തിയിരുന്നോ എനിക്കൊരു പരാതിയുമില്ല."

'ഇച്ചാച്ചനറിയാമോ, തിന്നാറയ ആറു കുഞ്ഞുങ്ങളും കൂടെയില്ലേ, മൂത്തവൻ പൈപ്പുവെള്ളം കുടിച്ച് ഉണക്കച്ചപ്പാത്തിയും തിന്ന് അലഞ്ഞുകിട്ടുന്നത് അയച്ചുതരുന്നുണ്ട്, അതു കിട്ടിയ, വല്യപള്ളീലീച്ചപോയപോലെയാ. തരുന്നതിന് ആ പാവത്തിനു കണക്കുണ്ട്, നമ്മക്കോ, ആ പെങ്കുഞ്ഞുങ്ങൾക്ക് ഇടാനും കെട്ടാനുമായി എന്തെങ്കിലും വാങ്ങാൻ പറ്റുന്നുണ്ടോ?

"പശുനെക്കറന്ന് ഒരു ലിറ്റർപാല് കൃത്യം അളന്നെടുത്താ രാവിലെ എല്ലാർക്കുംകൂടെ കാപ്പീലൊഴിച്ചുതരുന്നേ. വൈകിട്ടത്തേതീന്ന് പറ്റുകാർക്കു കൊടുത്തു കഴിഞ്ഞാൽ കിട്ടുന്നത് ഉറയൊഴിക്കും. മോരു കൂട്ടണ്ടേ. പിന്നെ മോനൂന് പാല് ഇച്ചിരെ നല്ലോണം കൊടുക്കും. അവൻ കൊച്ചല്ലേ? പിന്നെ കാപ്പീടെ നിറം മാറ്റാനേ കിട്ടൂ. എന്നിട്ടും ഈ കന്നുകാലീടെ പിറകേ ഞാനടക്കുന്നത് പാലുവിറ്റു കിട്ടുന്നതുകൊണ്ട് ഈ പിള്ളേരുടെ വയറ്റിലെങ്കിലും ചെല്ലട്ടേന്നു കരുതിയാ. എനിക്കറിയാം എന്റെ കുഞ്ഞുങ്ങടെ വയറ്റിൽ വിശപ്പേയുള്ളൂവെന്ന്."

"ആരോടു പറയാനാ റേഡിയോപോലെ ഞാനിരുന്നു പറയും, ഇച്ചാച്ചനിങ്ങനെ കോത്രാക്കൊള്ളി വർത്താനോം പറഞ്ഞിട്ട് മൗനം ഭൂഷണമെന്നു പറഞ്ഞിരിക്കും."

അമ്മ സംസാരം നിർത്തി.

"വർത്താനം പറഞ്ഞ് സമയം ഒരുപാടുപോയി. ഇന്നു പശൂന് പുല്ലു കൊടുക്കണ്ടാ, വെള്ളാപ്പള്ളിക്കാരുടെ പറമ്പിൽ ഒരു വാഴ വെട്ടീട്ടുണ്ട്, അതിന്റെ പിണ്ടി അറഞ്ഞിട്ടു കൊടുക്കാം." വാഴപ്പിണ്ടിയിലെ കറ ഉടുത്തിരിക്കുന്ന വെള്ളമുണ്ടിൽ പറ്റാതിരിക്കാൻ അമ്മ ഉടുമുണ്ടിനു മീതേ അപ്പന്റെ ഒരു പഴയ കൈലി എടുത്തുടുത്തു. എന്നിട്ട് വാഴപ്പിണ്ടി വെട്ടാൻ പോയി.

ഇച്ചാച്ചൻ തറവാട്ടുപറമ്പിലെ കണ്ണായിലെ കുളത്തിൽ കുതിർക്കാനിട്ട ഓലക്കെട്ട് വലിക്കാൻ പോയി. തറവാട്ടിലെ കുളത്തിൽ ഇടുന്നതിനോട് അമ്മയ്ക്കു യോജിപ്പില്ല. വലിച്ചുകൊണ്ടുവരുമ്പോൾ ഓലമെടയാൻ അറപ്പുവരും. തറവാട്ടിലെ വാടകക്കാർക്കും തങ്ങൾക്കും കക്കൂസില്ല. പിന്നെ അടുത്തുള്ള സർക്കാരാശുപത്രീലെ കിടപ്പുകാരും പറമ്പിൽ മാറിമാറി വെളിക്കിരുന്ന് എഴുന്നേറ്റുപോകുന്നത് പലരും കാണാറുണ്ട്. ആകെ അറപ്പാണ്.

കുതിർത്ത ഓലക്കെട്ടിനാണെങ്കിൽ എത്ര നല്ലവെള്ളത്തിലിട്ടാലും ഒരുന്തുനാറ്റമാണ്, ചീഞ്ഞ പുളിമണം. വേനൽക്കാലമായാൽ മുക്കാങ്കുഴിത്തോട്ടിൽ ഓലക്കെട്ടുകൾ കുതിർക്കാനിടും. ഇത്തിരി ദൂരെയാണെങ്കിലും വഴിയിലെ പൊടിമണ്ണ്, വെള്ളം ചീറ്റിയൊഴിച്ച് കഴുകിയാൽ അറപ്പില്ലാതെ മെടഞ്ഞെടുക്കാം. ഓല മെടയാൻ ഇച്ചാച്ചനും പാകിക്കൊടുക്കാൻ മേഴ്സിയും സഹായിക്കും. ഓല മെടഞ്ഞ് പര്യം പുറത്ത് പടങ്ങിൽ അടുക്കിയടുക്കി വയ്ക്കും. പുരകെട്ടുകാർ വന്ന് വിലതന്ന് വാങ്ങിക്കോളും. അതമ്മയ്ക്ക് നല്ലൊരു വരുമാനമാണ്.

രാവിലെ തറവാട്ടുപറമ്പിലിറങ്ങി അമ്മ ഓല പെറുക്കിയെടുക്കും.

എന്നാൽ, ഈ വരുമാനം തറവാട്ടുകാർക്ക് അത്ര തൃപ്തികരമായില്ല. അവർ തേങ്ങയിടുമ്പോൾ പച്ചയോലകൾകൂടെ വെട്ടിയെടുക്കാൻ തുടങ്ങി. അങ്ങനെ വീട്ടിലെ ആ വരുമാനവും നിലയ്ക്കാൻ തുടങ്ങി.

അമ്മ വിശുദ്ധവചനങ്ങൾ ഉരുവിട്ട് ആശ്വസിക്കാൻ ശ്രമിച്ചു. 'ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്, ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നപോലെ.'

മറിയക്കുട്ടിക്കൊച്ചമ്മ അയൽവക്കത്തെ തങ്കമ്മയോടും സരസമ്മയോടുമൊക്കെ പറഞ്ഞു: തീ കത്തിക്കാൻ ബുദ്ധിമുട്ടാണേ ഞങ്ങടെ മറ്റത്തിലോട്ടുവാ, തേങ്ങയിടുമ്പോൾ ഞാനറിക്കാം. ബേബിച്ചായന്റെ കൊച്ചമ്മ ഒരൊറ്റയോലയും ശേഷിപ്പിക്കാതെ എന്നും പെറുക്കാ. പെറുക്കി എന്തുമാത്രം ഓലയാന്നോ വിയ്ക്കുന്നേ, സ്വർണ്ണമൊണ്ടാക്കാനാ." തങ്കമ്മയും സരസമ്മയും ഒരു വാക്കും വിടാതെ അമ്മയെ പറഞ്ഞു കേൾപ്പിച്ചു, എന്നിട്ടു പറഞ്ഞു:

"ഞങ്ങടെ ഓല കുഞ്ഞന്നാമ്മ എടുത്തോ, വചനത്തിക്കഴിയണ്ടേ, എട്ടൊമ്പതുപേർക്കു കഴിയണ്ടതല്ലേ?"

സരസമ്മ പറഞ്ഞു: "നാലും എന്റീശ്വരാ, ഇവരടെ ജാതിക്കാർക്കിടയിൽ വല്യ ഐക്യമാന്നാ എല്ലാരും പറയുന്നേ, എന്നിട്ടാ ഈ പുകില്."

"അതു പിന്നെ സരസമ്മേ ആദിമകാലംമുതലേ തൊടങ്ങിയതാ സഹോദരന്മാരു തമ്മിലൊള്ള ശത്രുത. എന്തിനാ കായേൻ ഹാബേലിനെക്കൊന്നത്.?"

അമ്മ ധൃതിവച്ച് അടുക്കളയിലേക്കു കയറിപ്പോയി. അടുപ്പേൽവച്ചിരുന്ന ചക്കക്കുരു മാങ്ങാ വെള്ളം വറ്റിക്കഴിഞ്ഞിരുന്നു. ഉടച്ച് അരപ്പുചേർത്ത് ചുടാക്കി കടുകുംതാളിച്ചു വാങ്ങിവച്ചു.



"കുഞ്ഞന്നാമ്മേ ദേ, ഇങ്ങോട്ടൊന്നു വന്നേ, എനിക്കു തീകത്തിക്കാൻ നിങ്ങടെ മറിയക്കുട്ടി അഞ്ചാറോല അവരുടെ കയ്യാലപ്പുറത്തൂടെ ഇട്ടുതന്നിട്ടുണ്ട്. അത് ഞാനിവിടെ കൊണ്ടിടാം. എടുത്തു കുതിർത്ത് മെടഞ്ഞുവിറ്റ് വീട്ടുകാര്യങ്ങൾ തകൃതിയായി നടത്ത്."

"ശരി തങ്കമ്മേ, ഞാൻ പിന്നെ എടുത്തോളാം. സഹോദരന്മാരെക്കാളും നല്ലത് അയല്ക്കാരു തന്നെയാ, എനിക്ക്."

അമ്മ അടുക്കളജോലിയിൽ മുഴുകി. എളുപ്പം ഒരു തോരനുടെ വച്ചിട്ട്, തോട്ടിൽപ്പോയി അലക്കിക്കുളിക്കണം. തോട്ടിലെ ഒഴുക്കുവെള്ളത്തിലെ അലക്കും കുളിയും ഉന്മേഷദായകമാണ്.

അമ്മ വെള്ളമുണ്ടും ചട്ടയുമാണ് വീട്ടിൽ ധരിക്കുന്നത്. അലക്കിയ വെള്ളത്തുണികൾ നീലം പിഴിഞ്ഞ് വിരിച്ചിടും.

കുളികഴിഞ്ഞ് അമ്മയെ ഒന്നു കാണേണ്ടതുതന്നെ. എന്താ സൗന്ദര്യം! ഏഴഴകുള്ള മാലാഖയെപ്പോലെ സുന്ദരിയാണമ്മ. അറ്റം കെട്ടിയ ചുരുളിമയുള്ള മുടികളും, കവിളിലെ നുണക്കുഴികളും, മൂക്കിൻതുമ്പത്തെ കുഞ്ഞുമറുകും ആകെക്കൂടി കാണാൻ എന്തൊരഴകാണ്!

ദൃഷ്ടിദോഷം ഏറെ അനുഭവിക്കുന്ന ആളാണ് അമ്മ. ഒരാവശ്യവുമില്ലാതെ മറിയക്കുട്ടിക്കൊച്ചമ്മയും വല്യമ്മച്ചിയും അമ്മയെ കണ്ണുവയ്ക്കാറുണ്ട്. "അതൊക്കെ എന്റെ ബേബിച്ചന്റെ പെമ്പിള. നല്ല മുഖപ്രസാദമാ എപ്പഴും. അതിന്റെയാ അടുക്കും ചിട്ടയും ജീവിതത്തിലുമുണ്ട്. ആ തലമുടി കണ്ടില്ലേ നല്ല കറുത്തിരുണ്ട ഉള്ളുള്ള മുടി.'

മറിയക്കുട്ടിക്കൊച്ചമ്മ അമ്മയോടു നേരിട്ടു പറയും: 'കൊച്ചമ്മ ഇങ്ങനെ കുളിച്ചൊരുങ്ങി സുന്ദരിയായിട്ട് നല്ല ചക്കക്കുരുപോലെ നടക്കുന്നത് വീട്ടിൽ അവളുമാരു പണിയെല്ലാം ചെയ്യുന്നതുകൊണ്ടാണ്. മുഖം മനസ്സിന്റെ കണ്ണാടിയാണെന്നല്ലേ പറേന്നത്. കൊച്ചമ്മയ്ക്ക് ഒരല്ലലുമില്ല, അതാ മുഖത്തെപ്പോഴും ഈ പുഞ്ചിരിയുള്ളത്."

അമ്മയുടെ പെണ്മക്കളെ മാത്രം അവളുമാരെന്നും കുടുംബത്തിലെ ബാക്കിയുള്ളവരുടെയൊക്കെ മക്കളെ പേരിനോടു ചേർത്ത് മോളേന്നു വിളിക്കുന്നതും അമ്മയ്ക്കറിയാം. അമ്മയോടുള്ള അസൂയയും കുശുമ്പും നന്നായി അറിയുകയും ചെയ്യാം. അമ്മ ശ്രദ്ധവച്ച് ഒന്നു രണ്ടു വാക്കുകളിൽ അനിഷ്ടം തോന്നാത്തരീതിയിൽ കൊച്ചമ്മയെ തിരുത്താൻ നോക്കും. പറ്റുന്നില്ലെങ്കിൽ വിട്ടുകളയും. അമ്മയെ തറവാട്ടുപറമ്പിൽനിന്ന് പുല്ലോ, വിറകോ, ഓലയോപോലും എടുപ്പിച്ചില്ലെങ്കിലും തോട്ടിലും പള്ളിയിലുമെല്ലാം അമ്മയുടെ ഒപ്പം കൂടും. അതും അമ്മയ്ക്ക് ഒട്ടും ഇഷ്ടമല്ല. തോട്ടിൽ അലക്കാൻ പോയാലും പള്ളിയിലെ സ്ത്രീസമാജത്തിലുമൊക്കെ അമ്മയ്ക്ക് കുറേ നല്ല സുഹൃത്തുക്കളുണ്ട്. അവരുമായി നേരമ്പോക്കും സൗഹൃദസംഭാഷണവും നടത്തുന്നതാണ് അമ്മയുടെ ആകെ ഒരു രസം. അതിനും ഈ പിശാച് തടസ്സമാണ്.

മറിയക്കുട്ടിപ്പിശാശിന്റെ ഈ ദുശസംസാരങ്ങളെല്ലാം അമ്മ മേഴ്സിയോടും ലിസിയോടും അപ്പൻ കേൾക്കാതെ പറഞ്ഞു. മേഴ്സി പറഞ്ഞു: 'ഫ, പോ പിശാശേ എന്ന് നല്ലൊരാട്ടാട്ടാൻ മേലായിരുന്നോ, എന്നിട്ട് ഓടിയിങ്ങു പോന്നാൽ പോരേ, തെറിക്കുത്തരം മുറിപ്പത്തലെന്നല്ലേ പറേന്നേ."

അമ്മ പറഞ്ഞു: "എന്നിട്ടു വേണം, അവളൊന്നിനിരട്ടിയായി ചെന്ന് അവിടെ ഘോഷിക്കാൻ, നമ്മളു പറഞ്ഞതൊന്നുമല്ല അവളവിടെച്ചെന്ന് എഴുന്നെള്ളിക്കുന്നത്. മരണത്തിലേക്കു കാലും നീട്ടിയിരിക്കുന്ന അപ്പച്ചനെക്കൊണ്ട് വെറുതെ പിരാകിപ്പിക്കും. ആറേപോണോനും നൂറു പിരാകിയാലതിൽ ആറേലും ഫലിക്കുമെന്നാ കാർന്നോന്മാരു പറഞ്ഞേക്കുന്നത്. പൂർവപിതാവായ ഇസഹാക്കിനു സമമാണ് അപ്പച്ചൻ, അതിയാനെ ആർക്കും പറ്റിക്കാം."

വല്യപ്പച്ചനെ ഇസഹാക്കിന്റെ സ്ഥാനത്തും വല്യമ്മച്ചിയെ റബേക്കായുടെ സ്ഥാനത്തും സങ്കല്പിച്ചുനോക്കി, ലിസി. അങ്ങനെയെങ്കിൽ ഏശാവിന്റെ സ്ഥാനം തന്റെ അപ്പനും യാക്കോബിന്റെ സ്ഥാനം കൊച്ചുപ്പാപ്പനും.

ശേഷം 12-ാം പേജിൽ

**സാഹിത്യവിചാരം**

ഡോ. തോമസ് സ്കറിയ

# ഉൾക്കടലിന് അരനൂറ്റാണ്ട്



ജോർജ് ഓണക്കൂറിന്റെ പ്രശസ്തനോവൽ ഉൾക്കടൽ പ്രസിദ്ധീകരിച്ചിട്ട് അഞ്ചു പതിറ്റാണ്ടാകുന്നു. 1975 ഓഗസ്റ്റിലാണ് സാഹിത്യപ്രവർത്തക സഹകരണസംഘം ആദ്യപതിപ്പായി ഉൾക്കടൽ പ്രസിദ്ധീകരിക്കുന്നത്. ഓണക്കൂറിന്റെ വാക്കുകളിൽ പറഞ്ഞാൽ 'എങ്ങും അതിന്റെ സുഗന്ധം നിറഞ്ഞു.' എത്ര വായിച്ചാലും മതിവരാത്ത നോവൽ എന്ന് ഉൾക്കടലിനെ വിശേഷിപ്പിക്കാം. വായനക്കാരോട് ഏറ്റവും അടുത്തും ആഴത്തിലും ഇടപഴകുന്ന ഒരു സാഹിത്യരൂപമാണ് നോവൽ. നോവലിനെ രാഷ്ട്രീയമായോ പ്രത്യയശാസ്ത്രപരമായോ വിലയിരുത്താനുള്ള ഏതൊരു ശ്രമവും ആത്മജ്ഞാനം, സ്വാതന്ത്ര്യം, മനസ്സും ലോകവും തമ്മിലുള്ള ബന്ധം എന്നിവയെ പ്രതിനിധാനം ചെയ്യുന്ന ദാർശനികപ്രതിബദ്ധതയുടെ വീക്ഷണത്തിലായിരിക്കണമെന്ന ചിന്താഗതി ജോർജ് ലൂക്കാച്ചിനുണ്ടായിരുന്നു. തത്ത്വചിന്തയും സാഹിത്യവും തമ്മിലുള്ള, പ്രത്യേകിച്ച്, ദാർശനികവീക്ഷണങ്ങളും നോവലും തമ്മിലുള്ള ബന്ധം എങ്ങനെ മനസ്സിലാക്കണം എന്ന ചോദ്യം അനിവാര്യമായും ഉൾക്കടൽ ഉയർത്തുന്നുണ്ട്.

എഡ്വേർഡോ മെൻഡീറ്റ മനുഷ്യർ ദാർശനികമൃഗങ്ങളാണ് എന്നു പറയുന്നുണ്ടെങ്കിലും ദാർശനികനോവലുകളോട് മനുഷ്യർക്ക് അത്ര പ്രതിപത്തിയില്ലായെന്നു മൈക്കൾ എച്ച് മിത്തിയാസ് സൂചിപ്പിക്കുന്നു. ദാർശനികനോവലിന് വളരെ വ്യക്തമായി നിർവചിക്കാവുന്ന നാലു വിഭാഗങ്ങളുണ്ട്. തത്ത്വചിന്തകൾ ഉദ്ധരിക്കുന്നവയെ ദാർശനിക നോവൽ എന്നു വിളിക്കാം. കഥാപാത്രങ്ങൾ ദാർശനികവാക്യങ്ങൾ ഉദ്ധരിക്കുകയും ദാർശനികപ്രശ്നങ്ങൾ, പാരമ്പര്യങ്ങൾ, വ്യക്തിത്വങ്ങൾ എന്നിവയെ പരാമർശിക്കുകയും ചെയ്യുന്ന നോവലുകളാണവ. എന്നാൽ, അവയിൽ ദർശനം ബാഹ്യവും അനുബന്ധവുമായിനിൽക്കും. ദാർശനികനോവലിന്റെ മറ്റൊരു രൂപത്തെ നമുക്ക് 'ദാർശനികചൈതന്യാരോപിത നോവൽ' എന്നു വിളിക്കാം. അത്തരം നോവലുകളിൽ കഥാപാത്രങ്ങളും വ്യക്തികളും തത്ത്വചിന്തയെക്കുറിച്ചു സംസാരിക്കുകയോ തത്ത്വചിന്താപരമായ വാക്യങ്ങൾ ഉദ്ധരിക്കുകയോ ചെയ്യുകയില്ല; മറിച്ച്, അതിലെ കഥാപാത്രങ്ങൾ തത്ത്വചിന്താപരമായ ആശയങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരായിരിക്കും. നോവലിൽ കഥാപാത്രങ്ങൾ ഒരു ദാർശനികാശയത്തെയോ, പ്രശ്നത്തെയോ നിലപാടിനെയോ ദൃഷ്ടാന്തീകരിക്കും. ഈ രണ്ടു വിഭാഗങ്ങളും കലരുന്ന മൂന്നാമതൊരു വിഭാഗവും വിഭാവനം ചെയ്യാം. നാലാമതൊരു സാധ്യത കൂടിയുണ്ട്. ദാർശനികപ്രശ്നങ്ങളെ ഉദ്ധരിക്കുകയോ ദൃഷ്ടാന്തീകരിക്കുകയോ ചെയ്യുന്നതിനേക്കാളും വ്യക്തവും സംശയരഹിതവുമായി ദാർശനികമാകുന്ന ചില നോവലുകളുണ്ട്. ചില മനുഷ്യപ്രശ്നങ്ങളും ജീവിതപ്രതിസന്ധികളും വെല്ലുവിളികളും അടിസ്ഥാനപരമായി ദാർശനികപ്രശ്നങ്ങളാണെന്നു നമ്മെ ബോധ്യപ്പെടുത്താൻ അത്തരം നോവലുകൾക്കു കഴിയും. അങ്ങനെയുള്ള നോവൽ തത്ത്വചിന്തയുടെ ചക്രവാളത്തെ വിപുലീകരിക്കുന്നു. അത്തരത്തിലുള്ള ഒരു ദാർശനികനോവലാണ് ഉൾക്കടൽ.

ജീവിതമാണ് ഉൾക്കടലിലെ ദാർശനികപ്രശ്നം. എല്ലാം നഷ്ടപ്പെട്ട നിമിഷത്തിൽ ജീവിതം ദുഃഖമാണെന്നും ആ ദുഃഖത്തെക്കാൾ ആശ്വാസകരമാണ് മരണം എന്നും ചിന്തിക്കുന്ന രാഹുലനാണ് ഉൾക്കടലിലെ നായകൻ. അയാളുടെ ആത്മകഥയാണ് ഉൾക്കടൽ. രാഹുലനുമായി പ്രണയത്തിലാകുന്ന മൂന്നു പെൺകുട്ടികളുടെകൂടി കഥയാണ് ഉൾക്കടൽ. മൂന്നുവശവും കരയാൽ ചുറ്റപ്പെട്ട കടൽപോലെ രാഹുലൻ. പ്രണയം നഷ്ടപ്പെടാൻ വിധിക്കപ്പെട്ട രാഹുലന്റെ മനസ്സിൽ ശുഭഭാവിയെക്കുറിച്ചുള്ള ചിന്തകൾ ഇല്ലായിരുന്നു. എന്നാൽ, അയാൾക്കു സമൂഹത്തിന്റെ അതിരുകൾ തകർക്കണമെന്ന ആഗ്രഹമുണ്ടായിരുന്നു. താനൊരു പാവപ്പെട്ട കവിയും ചിത്രകാരനുമാണ്. തനിക്ക് അതിനൊക്കെയുള്ള കരുത്തുണ്ടാകുമോ? ഇതാണ് രാഹുലനെ അലട്ടുന്ന വിഷയം. അയാളുടെ ആത്മാവിന്റെ തുളസിത്തറയിൽ കത്തിയെരിഞ്ഞ ഒരു നെയ്ത്തിരിയുണ്ടായിരുന്നു, തുളസി. സ്നേഹത്തിന്റെ തുഷാരബിന്ദുവായിരുന്നു തുളസി. അവളെ അയാൾക്ക് എന്നന്നേക്കുമായി നഷ്ടപ്പെട്ടു. പിന്നീട് അവിടെ പുതിയൊരു ദീപം കൊളുത്തപ്പെട്ടു, റീന. അവളുമായും അയാൾക്കു പിരിയേണ്ടിവന്നു. അവിടേക്കു മറ്റൊരുവൾ വരുന്നു, മീര. രാഹുലനെ ജീവിതത്തിലേക്കു തിരികെക്കൊണ്ടുവരുന്നതു പ്രണയമാണ്. പ്രണയത്താൽ ജീവിതത്തിനു അർത്ഥമുണ്ടാകുന്നു. പ്രണയം ജീവിതത്തിന് അഭയമാകുന്നു. പ്രണയനഷ്ടം അയാളെ നിസ്സഹായനാക്കുന്നു.


ജീവിതത്തെ ശ്മശാനത്തോട് ഉപമിക്കുകയും അവിടത്തെ കാവൽക്കാരനാണു താനെന്നു കരുതുകയും ചെയ്യുന്ന ഒരു ചെറുപ്പക്കാരനാണ് രാഹുലൻ. പക്ഷേ, ഈറ്റില്ലത്തിനു പുറത്ത് അസ്വസ്ഥനായി ഉലാത്തുന്ന പുരുഷനാണ് അയാൾക്കു ചേരുന്ന രൂപകമെന്നു നോവലിൽ വായിക്കാം. ആത്മാവിൽ ആഴമുള്ള മുറിവുകളുമായി അയാൾ ജീവിതത്തോടു പൊരുതുന്നു.




വീടിനെയും അച്ഛനെയും രാഹുലൻ ഓർക്കുന്നു. "വീട് ഒരു കാരാഗൃഹമായിരുന്നു. കുറ്റവാളിയോടെന്നമട്ടിൽ ഒരേയൊരു മകനുള്ളതിനോടു പെരുമാറുന്ന അച്ഛൻ. നാട്ടുകാർക്കെല്ലാം ഉദാരമതിയാണ്; സ്നേഹസമ്പന്നനാണ്. എന്റെ മുന്നിൽമാത്രം ആ വാതിൽ അടഞ്ഞുകിടക്കുന്നു. ഒരിക്കലും തുറക്കാത്ത ഒരു വാതിൽ. വീടിനു പടിഞ്ഞാറ് ചെരിഞ്ഞുനിൽക്കുന്ന പുളിമരം എന്റെ പേടിസ്വപ്നം." ഓർമകൊണ്ട് രാഹുലൻ ജീവിതത്തെ വരയ്ക്കുകയാണ്. ചിത്രകാരന്റെ ഭാഷ അതിനുണ്ട്. "കാറ്റിൽ പൂങ്കുലകൾ ഇളകി. എന്റെ കണ്ണുകൾ അവയെ ചുറ്റിപ്പറന്നു. ഇപ്പോൾ വസന്തമാണ്. ചെടികളെല്ലാം പൂവണിഞ്ഞുനിൽക്കുന്നു. ഇലകൾക്കിടയിൽ എത്രനാൾ മറഞ്ഞുകിടന്നതാണ് പുഷ്പം. അത് ലളിതയാണ്. ആകാശത്തിൽ കാർമേഘങ്ങൾ. അവ എങ്ങോട്ടാണു യാത്ര ചെയ്യുന്നത്? ഏതെങ്കിലും ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയുമോ? പർവതനിരകൾ മാർഗതടസ്സമുണ്ടാക്കും." പിതാവാണ് രാഹുലന്റെ കണ്ണിലെ പർവതം. രാഹുലൻ എങ്ങും മരണത്തിന്റെ വലയാണ് കാണുന്നത്. പ്രകൃതിയുടെ മുഖമാകെ ആ മറവിലാണ്. രാഹുലൻ പുഴയിലേക്കു നോക്കുന്നു. കലങ്ങിയൊഴുകുന്ന പുഴ. ജലത്തിൽ വലിയ ഒരു ആമ നീന്തിത്തുടിക്കുന്നു. കഴിഞ്ഞ ദിവസങ്ങൾ ആ ആമയെപ്പോലെയായിരുന്നു എന്നു രാഹുലൻ ഓർക്കുന്നു. ഓരോ കാഴ്ചയും രാഹുലനു മനസ്സു തുറക്കാനുള്ളതാകുന്നു. കാഴ്ചകളെല്ലാം മരണത്തെക്കുറിച്ചുള്ള ചിന്തയിലേക്കു നയിക്കുന്നു.

ഏകാന്തതയുടെ ദുഃഖവും പേറി ജീവിതകാലം മുഴുവൻ അലയേണ്ടിവരില്ലേ തനിക്കെന്നാണ് രാഹുലൻ ചിന്തിക്കുന്നത്. അയാൾ എന്നും ഏകനായിരുന്നു. മനസ്സുനിറയെ രക്തം പൊടിക്കുന്ന ഓർമകളുമായി അയാൾ ജീവിക്കുന്നു. ജീവിതത്തിൽ എന്നും ഇരുട്ടുമാത്രമായിരിക്കില്ല. ചിലപ്പോൾ ചില വിളക്കുകൾ അവിടെ തെളിയും. മീര അങ്ങനെ തെളിഞ്ഞ ഒരു വിളക്കാണ്. കൗമാരപ്രണയത്തിലെ നായിക. അപ്പോഴേക്കും പണ്ടത്തെ പ്രണയനായിക റീന തിരിച്ചുവരുന്നു. റീനയ്ക്കും മീരയ്ക്കുമിടയിൽ ശാപമോക്ഷം ലഭിക്കാത്ത ശിലപോലെ രാഹുലൻ ചൈതന്യമറ്റുനിന്നു. ഒടുവിൽ മീരയുടെ സ്വപ്നം പൂവണിഞ്ഞില്ല. പക്ഷേ, റീനയുടെ വരവോടെ രാഹുലന്റെ ആകാശത്ത് മഴക്കാറുകൾ മാഞ്ഞുപോയിരുന്നു. നക്ഷത്രങ്ങൾ ഉദിക്കുന്നതു കണ്ടുപിടിക്കാനായി രാഹുലന്റെ കണ്ണുകൾ ആകാശത്തേക്കു പറന്നു.

വിഷാദാത്മകതയും നിരാലംബതയുമാണ് രാഹുലന്റെ ജീവിതത്തെ നിയന്ത്രിക്കുന്നത്. മരണത്തെ മുക്തിപഥമായി സങ്കല്പിച്ചാൽ പ്രത്യാശയ്ക്ക് ഇടമില്ല. സൂക്ഷ്മശോകങ്ങളോടു സംവദിച്ചുകൊണ്ടിരിക്കുകയാണ് അയാളുടെ ഹൃദയം. അതിനു കാരണം പ്രണയപരാജയങ്ങളാണ്. പ്രണയത്താൽ കരുത്തനാകുന്ന ഒരാളാണ് രാഹുലൻ. പക്ഷേ, അയാളുടെ പ്രണയങ്ങൾ കായ്കളായിത്തീരുംമുമ്പ് നിലംപതിച്ച പൂക്കൾ പോലെയായിരുന്നു. തുളസിയെ വിഴുങ്ങിയ മരണത്തിന്റെ മടിയിലേക്കു കുതിക്കാനുള്ള ആഗ്രഹം രാഹുലനിൽനിന്ന് അകലുന്നില്ല. ജീവിതത്തിന്റെ അർഥശൂന്യതയും മരണത്തിന്റെ മഹത്ത്വവുമാണ് രാഹുലനെ നിയന്ത്രിക്കുന്ന ദർശനങ്ങൾ. മരണം സൃഷ്ടിച്ച ശൂന്യതയുടെ ഹൃദയത്തിൽ ദുഃഖാർത്തരായിക്കഴിയുന്ന മനുഷ്യജീവികളെക്കുറിച്ച് അയാൾക്കു ബോധ്യമുണ്ട്. എങ്കിലും അജ്ഞാത ദുഃഖത്തിന്റെ തീരങ്ങളിൽ അലഞ്ഞുതിരിയുകയാണ് അയാളുടെ മനസ്സ്. ഇരുണ്ട ചിന്തകളാണ് തന്റെ മനസ്സു മുഴുവനുമെന്നും അയാൾ തിരിച്ചറിയുന്നുണ്ട്. റീന പകർന്നുനൽകുന്ന ശക്തിയുടെ ബലത്തിൽ അയാൾ ജീവിതത്തെ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നു. അവളെ നഷ്ടപ്പെടുമ്പോൾ ജീവിതത്തിന്റെ അർഥശൂന്യതയെക്കുറിച്ചോർത്തു ദുഃഖിക്കുന്നു: "ഒന്നും ആശിക്കരുത്. എന്നാൽ, ഒരിക്കലും നിരാശപ്പെടേണ്ടിവരില്ല." കോളജിൽ ലക്ചററായതോടെ അയാൾ ഒരു പുതിയ മനുഷ്യനാകാൻ ശ്രമിക്കുന്നു. തത്ത്വചിന്തകനാകാൻ ശ്രമിക്കുന്നു. ജീവിക്കാൻ മറന്നുപോയ മനുഷ്യൻ. എന്നിട്ടും അയാൾ ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചുമാണ് ചിന്തിക്കുന്നത്. മീരയുടെ സാമീപ്യം അയാളുടെ ജീവിതത്തിനു സംഗീതത്തിന്റെ ശ്രുതി ചേർത്തു. അവളെ വേദനിപ്പിച്ചുകൊണ്ട് അയാൾ റീനയുടേതാകുമ്പോൾ നോവൽ അവസാനിക്കുന്നു. പുതിയൊരു ജന്മത്തിന്റെ കടവിലേക്ക് അവർ പോകുന്നു. കേവലം കാല്പനികപ്രണയത്തെ ആവിഷ്കരിക്കുന്ന ഒരു നോവലായി ഉൾക്കടലിനെ വിലയിരുത്തുന്നത് ഉചിതമാവുകയില്ല. എല്ലാ അർഥത്തിലും അതൊരു ദാർശനിക നോവലാണ്.



ഡോ. ജോർജ് ഓണക്കൂർ ഒരു അസാധാരണ എഴുത്തുകാരനാണ്. ഒരു നോവലിസ്റ്റ് എന്ന നിലയിൽ, പ്രശസ്തരായ ഒരു പറ്റം പ്രമുഖ എഴുത്തുകാരുടെ തലമുറയ്ക്കൊപ്പമാണ് ഓണക്കൂറും നിലയുറപ്പിച്ചത്. അവർക്കിടയിൽ ഉൾക്കടലിലൂടെ വേറിട്ട സ്വരം കേൾപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. 'ഗദ്യകവിത' എന്ന പ്രയോഗം മന്ദഗതിയിലുള്ള, ധ്യാനാത്മകമായ, ഇഴയടുപ്പത്താൽ സമ്പന്നമായ ഗദ്യത്തെ അർഥമാക്കാൻ പലപ്പോഴും ഉപയോഗിക്കാറുണ്ട്, എന്നാൽ, ഓണക്കൂറിന്റെ ഉൾക്കടൽ അടിസ്ഥാനപരവും ഔപചാരികവുമായ അർഥത്തിൽ കാവ്യാത്മകമാണ്, ഗദ്യകവിതയാണ്. താളമുള്ള ഗദ്യത്തിൽ വാർത്തെടുത്ത നോവലാണ് ഉൾക്കടൽ. സന്ധ്യയെ വർണിക്കുന്നതു നോക്കുക: "കാവിയുടുത്തു നിൽക്കുന്ന ആകാശത്തിന്റെ കണ്ണുകളിൽ ശോകച്ഛവി പരന്നു. സൂര്യന്റെ എരിഞ്ഞടങ്ങിയ ചിത. അന്ധകാരം കടന്നുവരുകയാണ്. നരകത്തിന്റെ വാതിൽ തുറക്കപ്പെടുന്ന നിമിഷം." ജീവിതത്തിനുള്ളത് അനിശ്ചിതത്വത്തിന്റെ കാവ്യശാസ്ത്രമാണ്. ആ കാവ്യശാസ്ത്രമാണ് ഉൾക്കടലിന്റെ ഉള്ളിലുള്ളത്. അതിനുതകുന്ന ഒരു കാവ്യഭാഷയാണ് ഉൾക്കടലിനെ സുന്ദരമാക്കുന്നത്. സൂക്ഷ്മസുന്ദരമാണ് ഉൾക്കടലിന്റെ ആഖ്യാനം.

■

# വെളിച്ചംതേടി ഭയത്തിന്റെ ഇരുൾ മുറിയിൽ



2

ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഫ്രഞ്ചുവിപ്ലവകാലത്തു രക്തസാക്ഷിത്വം വരിച്ച പതിനാറു കന്യാസ്ത്രീകളെ, പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പാ 2024 ഡിസംബർ 18-ാം തീയതി വിശുദ്ധരായി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ ലേഖനം**

**കാ**ർമലിൽ ചേരുന്ന കാര്യം തന്റെ പിതാവുമായി ചർച്ച ചെയ്ത് ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ ബ്ലാൻഷ് ദെല ഫോഴ്സ് കംപിയേഞ്ഞ് എന്ന സ്ഥലത്തെ കാർമലിൽ എത്തി, മഠാധിപതിയെ കണ്ടു. ജോർജ് ബർണാനോസ് എന്ന തിരക്കഥാകൃത്ത് മഠാധിപയും അർഥിനിയായെത്തിയ ബ്ലാൻഷുമായുമുള്ള സംഭാഷണം താഴെ ചേർത്തിരിക്കുംവിധമാണ് വിഭാവന ചെയ്തിരിക്കുന്നത്.

ഭൗതികസുഖസൗകര്യങ്ങളുടെ നടുവിൽനിന്ന് അതെല്ലാം ഉപേക്ഷിച്ചു ചെല്ലുന്ന ബ്ലാൻഷിനോട് അതൊരു ധീരകൃത്യമായി കാണാതെ 'വിരക്തിയോടുപോലും വിരക്തി പാലിക്കണ'മെന്നാണ് മഠാധിപയായ മദർ ഉപദേശിക്കുന്നത്.

'ഞങ്ങളുടെ നിയമത്തിന്റെ കാർക്കശ്യം നിന്നെ ഭയപ്പെടുത്തുന്നുണ്ടോ' എന്നു മദർ ചോദിച്ചു. 'ഇല്ല, അതെന്നെ ആകർഷിക്കുന്നു' എന്നാണ് ബ്ലാൻഷ് പ്രത്യുത്തരിച്ചത്.

"അതെ, അതേ, നീ ഉദാരമനസ്കയാണ്, എളുപ്പമെന്നു തോന്നുന്ന ചില ചിട്ടകൾ അനുഷ്ഠിക്കാനാണ് പ്രയാസം. ഒരു കൊടുമുടി കീഴടക്കീട്ട് മുകളിൽനിന്ന് ഒരു ചെറിയ കല്ലിൽത്തട്ടി താഴേക്കു വീഴാതെ സൂക്ഷിക്കണം" എന്നാണ് മദർ നിരീക്ഷിച്ചത്.

'ഇതല്ലാതെ ഭയപ്പെടുവാൻ എന്തെങ്കിലുമുണ്ടോ' എന്ന ബ്ലാൻഷിന്റെ ചോദ്യത്തിന് 'ഭയത്തെക്കുറിച്ചു നീ സംസാരിച്ചുകൊള്ളൂ' എന്നു മദർ പ്രതിവചിച്ചു. പക്ഷേ, ബ്ലാൻഷ് ഒന്നും പറയാതെ ഒഴിഞ്ഞുമാറി.

ഒരു 'ഗ്രാമീണവികാരിയുടെ ഡയറിക്കുറിപ്പുകൾ' എന്ന പ്രശസ്തനോവലിലൂടെ പൗരോഹിത്യത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ പങ്കുവച്ചതുപോലെ ഇവിടെ ഈ കൃതിയിലൂടെ സന്ന്യാസത്തെക്കുറിച്ചുള്ള ആശയങ്ങളാണ് ബർണാനോസ് അവതരിപ്പിക്കുന്നത്.

ഒരു സന്ന്യാസിനിയുടെ പ്രഥമകർത്തവ്യം എന്താണെന്നാണ് മദർ അടുത്തതായി ചോദിച്ചത്. 'സ്വാഭാവികചായ്‌വുകളെ വിജയിക്കുക'യാണെന്ന് ബ്ലാൻഷ് ഉത്തരം നല്കി. "ശരി, വിജയിക്കണം. പക്ഷേ, ബലപ്രയോഗം പാടില്ല. ഉന്നതകുലജാതയായ നീ എല്ലാവരിലും അവസാനസ്ഥാനം കാംക്ഷിക്കുന്നു എന്ന് എനിക്കറിയാം. എങ്കിലും അതിനു പിന്നിൽ നിഗളം ഒളിഞ്ഞിരിക്കാൻ സാധ്യതയുണ്ട്." ഇപ്രകാരമായിരുന്നു മദറിന്റെ മറുപടി.

"എന്താണു നിന്നെ കാർമലിലേക്ക് ഉന്തിവിടുന്നത്?" ഇതായിരുന്നു മദറിന്റെ അടുത്ത ചോദ്യം. അതിന് സത്യസന്ധമായി പറഞ്ഞാൽ, 'സാഹസിക-വീരോചിതജീവിതം നയിക്കുവാനുള്ള ആഗ്രഹം' എന്നാണ് ബ്ലാൻഷ് ഉത്തരം നൽകിയത്.

'ഇങ്ങനെയുള്ള കണക്കുകൂട്ടലുകൾ മിഥ്യാധാരണകൾ മാത്രമായി പരിണമിക്കാം' എന്ന് മദർ പറഞ്ഞപ്പോൾ ബ്ലാൻഷ് ചഞ്ചലചിത്തയായി. 'എന്റെ മിഥ്യാധാരണകൾ നീക്കിത്തരണേ' എന്ന് അവൾ അപേക്ഷിച്ചപ്പോൾ അതു തന്നത്താൻ ചെയ്യേണ്ട കാര്യമാണെന്നു മദർ പ്രതികരിച്ചു. ഒരു സന്ന്യാസിനിയുടെ ജീവിതത്തിൽ ഏകാന്തതയും വേദനകളും ഉണ്ടാകുമെന്നും സഹനത്തിലൂടെയാണ് സന്ന്യാസിനി ജന്മം കൊള്ളുന്നതെന്നും മദർ പറഞ്ഞപ്പോൾ ബ്ലാൻഷിന്റെ നേത്രങ്ങൾ ഈറനണിഞ്ഞു. "ഒരു വിളക്കിന്റെ കർത്തവ്യം പ്രകാശം ചൊരിയുകയാണ്. അതുപോലെ പ്രാർഥിക്കുക എന്നതാണ്, പ്രാർഥന മാത്രമാണ് നമ്മുടെ ജീവിതത്തിനു ന്യായീകരണം."

പ്രായാധിക്യംകൊണ്ട് ക്ഷീണിതയായ മദർ മിണ്ടാമഠത്തിലെ നിയമമനുസരിച്ച് ഒരു ജാലകത്തിന് അപ്പുറത്തിരുന്നുകൊണ്ടാണ് സംസാരിക്കുന്നത്. മഠത്തിൽ പ്രവേശനം ആവശ്യപ്പെട്ട് എത്തിയിരിക്കുന്ന പെൺകുട്ടിയോട് മഠത്തിനുള്ളിൽ മന്ദത ബാധിച്ച സന്ന്യാസിനികളെ കണ്ടെത്തിയേക്കാമെന്നും അവൾക്കു വളരെയേറെ സഹിക്കേണ്ടിവരുമെന്നും മുന്നറിയിപ്പ് നല്കുന്നു.


'എന്റെ മകളേ, നിനക്കു വലിയ പരീക്ഷണങ്ങൾ നേരിടേണ്ടി വരും' എന്ന് മദർ വീണ്ടും ഓർമപ്പെടുത്തി.

അവസാനമായി, മദർ ചോദിച്ചു: "ഞങ്ങൾ നിന്നെ കാർമലിൽ ഒരർഥിനിയായി സ്വീകരിച്ചാൽ, എന്തുപേരിലാണ് എടുക്കേണ്ടതെന്നു ചിന്തിക്കാൻ ഇടയായിട്ടുണ്ടോ?"

'ഉണ്ട്' എന്ന് ബ്ലാൻഷ് ഉത്തരം നല്കി.

അതെന്താണെന്ന ചോദ്യത്തിന് 'അങ്ങ് അനുവദിച്ചാൽ, മരണവേദന അനുഭവിക്കുന്ന ഈശോയുടെ സിസ്റ്റർ ബ്ലാൻഷ് എന്ന പേരു സ്വീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു' എന്ന് ബ്ലാൻഷ് ഉത്തരം നല്കി.

ഒരു തീരുമാനത്തിൽ എത്തി എന്ന മുഖഭാവത്തോടെ ബ്ലാൻഷിന് സമാധാനം ആശംസിച്ചുകൊണ്ട് മദർ സംഭാഷണം നിറുത്തി.



മരണവേദന അനുഭവിക്കുന്ന മിശിഹായുടെ സിസ്റ്റർ ഹൻരിയേറ്റ് എന്ന പേരു സ്വീകരിക്കുവാൻ മദർ ആഗ്രഹിച്ചതാണ്.

ഇപ്പോഴിതാ താൻ മരണത്തോട് അടുക്കുമ്പോൾ അതേ പേരു സ്വീകരിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് ഒരു പെൺകുട്ടി തന്നെ സമീപിച്ചിരിക്കുന്നു. ഈ ചിന്ത മദറിനെ വികാരവിവശയാക്കി. ഗത്സേമിനിയിൽ പ്രവേശിച്ചാൽ അവിടെനിന്നു പുറത്തേക്കു വഴിയില്ലെന്ന് അന്നത്തെ പ്രിയോരമ്മ പറഞ്ഞതുകൊണ്ട് 'ഈശോയുടെ ഹൻരിയേറ്റ്' എന്ന പേരാണ് മദർ സ്വീകരിച്ചത്. ഇക്കാര്യങ്ങളെല്ലാം ഓർമയിൽ വന്നതുകൊണ്ട് മദറിന് ബ്ലാൻഷിനോട് മാനസികപ്പൊരുത്തം അനുഭവപ്പെടുകയും അവളെ മഠത്തിൽ സ്വീകരിക്കാമെന്നു തീരുമാനിക്കുകയും ചെയ്തു.

മഠത്തിലെ മുഴുവൻ സിസ്റ്റേഴ്സിന്റെയും സാന്നിധ്യത്തിൽ ചാപ്ളൈനച്ചന്റെ ആശീർവാദത്തോടെ ബ്ലാൻഷിനെ മഠത്തിനുള്ളിൽ പ്രവേശിപ്പിച്ചു. മദറും അസിസ്റ്റന്റ് മദർ മിശിഹായുടെ മനുഷ്യാവതാരത്തിന്റെ സിസ്റ്റർ മേരിയും ചേർന്ന് ബ്ലാൻഷിന്റെ കരങ്ങളിൽ പിടിച്ച് ചാപ്പലിനുള്ളിലേക്കു നയിച്ചു. തദവസരത്തിൽ മറ്റു സിസ്റ്റേഴ്സ് ഒരു കീർത്തനം ആലപിക്കുകയും ചെയ്തു. മഠത്തിനുള്ളിൽ ഒരു നീണ്ട ഇടനാഴിയുടെ ഇരുവശങ്ങളിലുമായാണ് സിസ്റ്റേഴ്സിന്റെ മുറികൾ. അതിലൊന്ന് ബ്ലാൻഷിനു ലഭിച്ചു. അത്താഴവും പ്രാർഥനകളും കഴിഞ്ഞപ്പോൾ ഉറങ്ങുന്നതിനായുള്ള മണി മുഴങ്ങി. ഇടനാഴിയിലെ വിളക്കിന്റെ നേർത്ത വെളിച്ചംമാത്രമേ മുറികളിലും ലഭിക്കുകയുള്ളൂ. ഇരുട്ടിനെ പേടിച്ചിരുന്ന ബ്ലാൻഷ് കതക് പാതിതുറന്നിട്ടിരുന്നത് മദറിന്റെ ശ്രദ്ധയിൽപ്പെട്ടു

'കതക് അടയ്ക്കുക എന്നതാണ് മഠത്തിലെ നിയമ'മെന്നു പറഞ്ഞുകൊണ്ട് മദർതന്നെ വാതിൽ ചേർത്തടച്ചു. മുറിയിൽ വെളിച്ചമില്ലാത്തതിനാലാണ് എന്നു പറഞ്ഞ ബ്ലാൻഷിനോട് 'ഉറങ്ങാൻ എന്തിനാ വെളിച്ച'മെന്നാണ് മദർ ചോദിക്കുന്നത്. അതിന് ഉറക്കം വരുന്നില്ലന്നാണ് ബ്ലാൻഷ് ഉത്തരമായി പറഞ്ഞത്. കാർമലിൽ രാത്രിക്കു നീളക്കുറവാണ് അതുകൊണ്ട് ഉടനടി ഉറങ്ങാൻ പഠിക്കണം എന്നുകൂടി പറഞ്ഞിട്ട് മദർ പോയി. ഇടനാഴിയിലൂടെ അങ്ങേയറ്റത്തു ചെന്നുനിന്ന് തിരിഞ്ഞുനോക്കുമ്പോൾ ബ്ലാൻഷിന്റെ മുറിയുടെ വാതിൽ അല്പം തുറന്നിട്ടിരിക്കുന്നതു കണ്ടു. മദർ അതിന് ഒന്നും പ്രതികരിച്ചില്ല.

മറ്റൊരു രംഗത്തിൽ രോഗീമുറിയിൽ കഴിയുന്ന മദർ, താൻ അവസാനമായി മഠത്തിലെടുത്ത ബ്ലാൻഷിനെ വാത്സല്യത്തോടെ തന്റെ അടുത്തേക്കു വിളിപ്പിച്ചു. ബ്ലാൻഷ് എത്തുന്നതിനുമുമ്പ് മദർ അസിസ്റ്റന്റ് മദറിനോട് 'അവൾ മിശിഹായുടെ മരണവേദനയുടെ സിസ്റ്റർ ബ്ലാൻസ് എന്ന പേരുതന്നെ വേണമെന്നാണോ ആവശ്യപ്പെടുന്നത്' എന്നു ചോദിച്ചു. മദർ അനുവദിച്ചാൽ ആ പേരുതന്നെ വേണമെന്നാണ് ബ്ലാൻഷ് പറയുന്നതെന്ന് അസിസ്റ്റന്റ് മദർ മറുപടി കൊടുത്തു.

മദർ, ബ്ലാൻഷിന്റെ കാര്യത്തിൽ ആകുലത ഉള്ളവളായി.

(തുടരും)

---

കഥ

# ബ്രേക്ക്



മോബിൻ മോഹൻ

**തി**രക്കുകൾ അയാളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. മത്സരത്തിന്റെ ലോകത്ത് ഒരു ബിസിനസ് സാമ്രാജ്യം കെട്ടിപ്പടുത്തത് തന്റെ അധ്വാനവും സ്ഥിരോത്സാഹവുംകൊണ്ടാണെന്ന് അയാൾ അഭിമാനിച്ചു. ബിസിനസ് ചാണക്യൻ എന്ന് എതിരാളികൾപോലും വിശേഷിപ്പിക്കുന്നതുകേട്ട് പുളകംകൊണ്ടു. വിശ്രമമില്ലാത്ത പകലുകളും രാവുകളും അയാളെ കൂടുതൽ സമ്പന്നനാക്കിക്കൊണ്ടിരുന്നു.

അവിചാരിതമായാണ് തിരക്കുകളൊഴിഞ്ഞ കുറച്ചുനേരം അയാൾക്കു വീണുകിട്ടുന്നത്. ഇങ്ങനെയൊരു ബ്രേക്ക് ആദ്യമായാണോ കിട്ടുന്നത്? എന്തു ചെയ്യണമെന്നറിയാതെ അയാൾ കുഴങ്ങി. ഓഫീസിൽനിന്നു വളരെ വേഗത്തിൽ വീട്ടിലെത്തി.

അടുക്കളയിൽനിന്നും ഉണ്ണിയപ്പം മൊരിയുന്ന മണത്തോടൊപ്പം ഏതോ ഒരു പാട്ട് അന്തരീക്ഷത്തിൽ പടരുന്നു. എന്നോ പാടി മറന്ന പാട്ടാണ്. അയാൾ അടുക്കളവാതിലിലൂടെ ഒളികണ്ണിട്ടു. ഭാര്യയല്ല, ജോലിക്കാരിയാണ്. ഉള്ളിൽ എന്തെന്നില്ലാത്ത ഒരു നിരാശ പരന്നു.

'അവൾ ഓഫീസിലാണല്ലോ' ആരോടെന്നില്ലാതെ അയാൾ പറഞ്ഞു.

ടൈയുടെ കുരുക്കിറുക്കമഴിച്ച് അയാൾ മുറിയിലേക്കു കയറി. ഇളയമകൻ തൊട്ടിയിലുറങ്ങുന്നു. അയാളുടെ കാൽപ്പെരുമാറ്റത്തിൽ തൊട്ടിയൊന്നനങ്ങി.

പതിയെച്ചെന്ന് അയാൾ തൊട്ടിയാട്ടി. ഏതോ ഒരു പാട്ട് നാവിൽ കുടുങ്ങിക്കിടക്കുന്നു.

ഏതാണത്?

അയാളുടെ അനുമതിയില്ലാതെതന്നെ നാവ് ചലിച്ചുതുടങ്ങി..

'രാരീരം രാരീരം രാരോ...'

ആ നിമിഷം അയാൾ സന്തോഷിച്ചു. ലാഭത്തിന്റെ അക്കപ്പെരുക്കങ്ങളിൽ മാത്രമാണ് കുറേകാലങ്ങളായി അയാൾക്കു സന്തോഷിക്കാൻ കഴിഞ്ഞിരുന്നത്.

പെട്ടെന്നാണ് അയ്യോ എന്ന ശബ്ദം ദയനീയമായി അയാളിൽനിന്നും അടർന്നുവീണത്. ജോലിക്കാരി മുറിയിലേക്കു ഭയന്നോടി വന്നു. തൊട്ടി അവളെയേല്പിച്ച് അയാൾ ധൃതിയിൽ കാറിൽ കയറി.

അമിതവേഗത്തിൽ മുന്നോട്ടു നീങ്ങിയ വാഹനം ബ്രേക്കിട്ടത് സ്നേഹഭവന്റെ മുന്നിലെ പേരറിയാത്ത ഒരു അമ്മത്തണൽമരത്തിനു ചുവട്ടിലായിരുന്നു. നാവ് അപ്പോഴും ചലിക്കുന്നുണ്ടായിരുന്നു, രാരീരം രാരീരം രാരോ... രാരോ...




വീയെൻ

# മലയാളസിനിമയിലെ തുടർക്കാഴ്ചകൾ

ഓപ്പറേഷൻ ജാവ, സൗദി വെള്ളക്ക എന്നീ രണ്ടു ചെറിയ സിനിമകളിലൂടെ മലയാളസിനിമാപ്രേക്ഷകരെക്കൊണ്ട് കാമ്പുള്ള സംവിധായകൻ എന്നു പറയിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള വ്യക്തിയാണ് തരുൺമൂർത്തി. സൂപ്പർതാരങ്ങളുടെ പിന്നാലെ പോകാതെ കഥയ്ക്കും കഥാപാത്രത്തിനുമനുസരിച്ചുള്ള നടീനടന്മാരെ സെലക്ട് ചെയ്തുകൊണ്ടും വ്യത്യസ്തമായ വിഷയങ്ങൾ സ്വീകരിച്ചുകൊണ്ടുമാണ് തരുൺമൂർത്തി എന്ന ചെറുപ്പക്കാരനായ സംവിധായകൻ മലയാളസിനിമയിൽ ശ്രദ്ധേയമായ ഇടം കണ്ടെത്തിയത്. അങ്ങനെയുള്ള ഒരു സംവിധായകൻ മോഹൻലാലിനെപ്പോലൊരു സൂപ്പർതാരത്തെ കേന്ദ്രകഥാപാത്രമാക്കിക്കൊണ്ട് ഒരു സിനിമ ചെയ്യുമ്പോൾ അത് എപ്രകാരമുള്ള സിനിമയായിരിക്കും എന്ന ആകാംക്ഷയിലായിരുന്നു സിനിമാലോകം. വലിയൊരു ഭാരം ചുമലിൽ കയറ്റിവച്ചതുപോലുള്ള പ്രതീതി. പല സംവിധായകർക്കൊപ്പം കൂട്ടുചേർന്നു ചുവടുപതറിലാൽ നില്ക്കുന്ന സമയമായതുകൊണ്ട് പ്രത്യേകിച്ചും. എന്നാൽ, ഇത്തരത്തിലുള്ള എല്ലാ മുൻധാരണകളെയും മറികടന്നുകൊണ്ടും അധികം അവകാശവാദങ്ങളില്ലാതെയും തിയറ്ററുകളിലെത്തി വിജയകിരീടം ചൂടിയിരിക്കുകയാണ് തരുൺമൂർത്തി – മോഹൻലാൽ ചിത്രമായ 'തുടരും.' നെല്ല് പത്തായത്തിലുണ്ടെന്നറിഞ്ഞാൽ എലി വയനാട്ടിൽനിന്നു വരും എന്നു പറയുന്നതുപോലെ നല്ല സിനിമയാണെന്ന മൗത്ത് പബ്ലിസിറ്റികൊണ്ട് ഇന്ന് എല്ലാ തിയറ്ററുകളിലും ഹൗസ്ഫുൾ ബോർഡ് വച്ചുകൊണ്ട് പ്രദർശനം തുടരുകയാണ് 'തുടരും' എന്ന ചിത്രം.

തീർച്ചയായും തുടരും ഒരു വിജയചിത്രമാണ്. മലയാളം ഫിലിം ഇൻഡസ്ട്രിക്കും മോഹൻലാലിനും തരുൺമൂർത്തിക്കും എല്ലാം അവശ്യമായ വിജയം ഉറപ്പുവരുത്തിയ സിനിമ. എന്നാൽ, സിനിമ വിജയിച്ചുവെന്നതുകൊണ്ട് ആ സിനിമ ഒരിക്കലും മഹത്തരമാകണമെന്നില്ല. അതിനുള്ള ഉദാഹരണംകൂടിയാണ് തുടരും. കാരണം, മോഹൻലാലിനെ വച്ച് ഒരു സിനിമ എന്ന വലിയ റിസ്ക് ഏറ്റെടുക്കേണ്ടിവന്നപ്പോൾ എന്താണു മോഹൻലാലിൽനിന്ന് ഒരു സാദാപ്രേക്ഷകനു വേണ്ടതെന്നു വ്യക്തമായി മനസ്സിലാക്കി ലാലിന്റേതുൾപ്പടെയുള്ള മിക്ക ഹിറ്റ് സിനിമകളുടെയും വിജയഫോർമുലകൾ കൃത്യമായി ചേരുംപടി ചേർത്തുണ്ടാക്കിയ സിനിമയാണ് തുടരും. ദൃശ്യം, പുലിമുരുകൻ, എന്നിങ്ങനെയുള്ള ഒട്ടനവധി മോഹൻലാൽ സിനിമകളെ പ്രസ്തുതചിത്രം പലരീതിയിലും ഓർമിപ്പിക്കുന്നുണ്ട്. (തുടരും സിനിമയിലെ ലളിത എന്ന ഭാര്യാകഥാപാത്രം ഏതൊക്കെയോ വിധത്തിൽ പുലിമുരുകന്റെ ഭാര്യയെയും അതുപോലെ പൊലീസ് വേട്ടയാടലുകളുടെ രംഗങ്ങളിൽ ദൃശ്യത്തെയും തുടരും ഓർമിപ്പിക്കുന്നുണ്ട്.) പുലിമുരുകനിലെ സ്റ്റണ്ട് സ്വീക്വൻസുകളിൽ കണ്ട അതേ മോഹൻലാലിനെത്തന്നെയാണ് തുടരും സിനിമയിലും കാണാൻ കഴിയുന്നത്. ആണ്ടവനേ എന്നു വിളിക്കുന്ന അത്തരം രംഗങ്ങളിൽനിന്ന് തുടരും സിനിമയിലെ നായകൻ മുരുകാ എന്നു വിളിക്കുന്നു. മുരുകനും ഷണ്മുഖനും ഒരേ ആൾതന്നെയാണല്ലോ. വിജയിച്ച സിനിമകളിലെ നായകകഥാപാത്രങ്ങളുടെ പേര് അല്ലെങ്കിൽ അവരുടെ പര്യായപദങ്ങൾ പിന്നീടുവരുന്ന സിനിമകളിലെ നായകന്മാർക്കു ചാർത്തിക്കൊടുക്കുന്ന പ്രവണതയും മലയാളസിനിമയിലുണ്ടല്ലോ. ദേവാസുരത്തിലെ നീലകണ്ഠൻ പിന്നീട് ഇന്ദുചൂഡനും വേലായുധൻ (നരൻ) മുരുകനും (പുലിമുരുകൻ) ഷണ്മുഖവു (തുടരും)മായി മാറിയിരിക്കുന്നു, അപ്പോൾ പേരിൽപോലും മാറിച്ചിന്തിക്കാൻ സിനിമയുടെ സ്രഷ്ടാക്കൾക്കു സാധിച്ചിട്ടില്ലെന്ന് അർഥം).

കച്ചവടക്കാരനായ സംവിധായകൻ എന്ന നിലയിൽ തരുൺമൂർത്തി വിജയിക്കുകയും കലാകാരനായ സംവിധായകൻ എന്ന നിലയിൽ പരാജയപ്പെടുകയുമാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. അതിനപ്പുറം അതൊരു മികച്ച സിനിമയോ വ്യത്യസ്ത സിനിമയോ ആകുന്നില്ല. എന്നിട്ടും എവിടെയാണ് തുടരും സിനിമയുടെ കേന്ദ്രഭാവം നമ്മെ ആകർഷിക്കുന്നത്? ഇന്നേവരെ മലയാളസിനിമയിൽ കണ്ടിട്ടില്ലാത്ത ഒരു കഥയാണ് ഈ സിനിമയുടെ ഹൈലൈറ്റ്. അതുതന്നെയാണ് പ്ലസ്പോയിന്റും. ഒറ്റവാക്കിൽ പറഞ്ഞാൽ മകനാണെന്നറിയാതെ മകന്റെ മൃതദേഹം മറവുചെയ്യാൻ കൂട്ടുനില്ക്കേണ്ടിവരുന്ന ഒരു അച്ഛന്റെ നിസ്സഹായാവസ്ഥയുടെ കഥയാണ് തുടരും.

ഈ ഒരൊറ്റവാക്കിൽ സിനിമയുടെ മുഴുവൻ ഫ്രഷ്നസുമുണ്ട്. മകനാണെന്ന് അറിയാതിരുന്നിട്ടും ആ തെറ്റിനു കൂട്ടുനില്ക്കേണ്ടിവരുമ്പോൾ അനുഭവിക്കേണ്ടിവരുന്ന കുറ്റബോധവും നിസ്സഹായതയും



പിന്നീട് അതു മകൻതന്നെയായിരുന്നുവെന്നു തിരിച്ചറിയുമ്പോഴുണ്ടാകുന്ന ആത്മസംഘർഷങ്ങളും അതിഗംഭീരമായിത്തന്നെ മോഹൻലാൽ എന്ന നടൻ ആവിഷ്കരിച്ചിട്ടുണ്ട്. ഒരു ഉദാത്തസിനിമയുടെ ഭാവതലങ്ങളിലേക്ക് എത്തിപ്പെട്ടുനില്ക്കുന്ന ഈ അവസ്ഥയിൽനിന്ന് സിനിമ പിന്നീട് താഴേക്കു നിലംപതിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അതായത്, മലയാളസിനിമയുടെ തുടക്കംമുതൽ കണ്ടുവരുന്ന ഒരു പ്രതികാരകഥമാത്രമായി തുടരും പരിണമിക്കുന്നു. പ്രതികാരം ചെയ്യുന്ന ഒരു അച്ഛന്റെ കഥമാത്രമായി തുടരും അവസാനിക്കുന്നു.

സത്യത്തിൽ സാധാരണ പ്രേക്ഷകർക്ക് അതാണ് ആവശ്യവും. നന്മയുടെ പ്രതിരൂപമായ, സർവഗുണസമ്പന്നനും കുടുംബസ്നേഹിയും മനുഷ്യസ്നേഹിയുമായ നായകന് എതിരേ നില്ക്കുന്ന ദുഷ്ടശക്തികളെ ഇല്ലായ്മ ചെയ്യുമ്പോൾ നായകനൊപ്പം നില്ക്കാനാണ് എല്ലാ പ്രേക്ഷകർക്കും താത്പര്യവും. മാത്രവുമല്ല, നായകൻ ചെയ്യുന്ന കുറ്റകൃത്യത്തെ ന്യായീകരിക്കാൻ കഴിയുന്ന വിധത്തിൽ പ്രതിനായകകഥാപാത്രം അത്രമാത്രം പ്രേക്ഷകനെ വെറുപ്പിക്കുന്നുമുണ്ട്. അതുകൊണ്ടുതന്നെ മരണം അല്ലാതെ അവർക്ക് മറ്റൊരു ശിക്ഷയില്ലെന്ന നിഗമനത്തിൽത്തന്നെയാണ് പ്രേക്ഷകനും എത്തിച്ചേരുന്നത്.

ഇവിടെ നാം ചിന്തിക്കേണ്ട മറ്റൊരു കാര്യമുണ്ട്. എന്തുകൊണ്ടാണ് ഒരു സാധാരണക്കാരന് നിയമം കൈയിലെടുക്കേണ്ടിവരുന്നത്? പ്രതിസ്ഥാനത്തുള്ളവർ ഉന്നതരും പ്രതാപശാലികളുമാകുമ്പോൾ, അവർ പ്രതിസ്ഥാനത്തു പേരുചേർക്കപ്പെടുന്നുവെങ്കിൽത്തന്നെയും, കേസ് കോടതിയിലെത്തുമ്പോൾ അവർ നിഷ്പ്രയാസം, നാടൻഭാഷയിൽ പറഞ്ഞാൽ ഊരിപ്പോകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ദുർബലമായ നീതിന്യായവ്യവസ്ഥയും കെടുകാര്യസ്ഥതയും സ്വജനപ്രീണനവും അഴിമതിയുമാണ് നമ്മുടെ ദുര്യോഗം. അത് ഭരണതലങ്ങളിൽ മുഴുവൻ വ്യാപിച്ചിരിക്കുന്നു. ഇത്തരമൊരു സന്ദർഭത്തിൽ സാധാരണക്കാരനു നീതി ഒരിടത്തുനിന്നും കിട്ടാൻപോകുന്നില്ല. മകളെ പീഡിപ്പിച്ചു കൊന്നവനെ ഇല്ലായ്മചെയ്ത അച്ഛനു സ്വീകരണം നല്കിയ നാടാണ് നമ്മുടേത്. കാരണം, ഭൂരിപക്ഷത്തിനും ചെയ്യാത്തത് ആ അച്ഛൻ ചെയ്തു എന്നതിൽ ഒരു വിഭാഗം ആളുകൾ അന്നും ഇന്നും സന്തോഷിക്കുന്നു. ഇത്തരമൊരു അവസ്ഥയിലേക്കു മനുഷ്യനെ കൊണ്ടുചെന്നെത്തിക്കുന്നത് ഇവിടത്തെ ഭരണകൂടംതന്നെയാണ്.

ഇത്തരമൊരു സാമൂഹികചുറ്റുപാടിലാണ് നീതി കൈയിലെടുക്കാൻ സാധാരണക്കാരനു പ്രേരണയുണ്ടാകുന്നത്. സമൂഹത്തിൽ കാണുന്നത് സിനിമയിലും സിനിമയിലുള്ളത് സമൂഹത്തിലും പരസ്പരം പ്രതിഫലിക്കാറുണ്ട്. അതിന്റെ അനുരണനമാണ് തുടരും സിനിമയിലും കാണാൻ സാധിക്കുന്നത്. നീതി കൈയിലെടുക്കുന്ന ഈ നായകൻ ഓരോ പ്രേക്ഷകന്റെയും പ്രതിബിംബമായി മാറുന്നു.


ഈ അർഥത്തിൽ മോഹൻലാൽ തുടരും എന്നു മാത്രമല്ല തുടരും എന്ന ശീർഷകംകൊണ്ട് അർഥമാക്കുന്നത്; മറിച്ച്, മലയാളസിനിമയിലെ പ്രതികാരകഥകൾ തുടരും എന്നുകൂടിയാണ്. പ്രതികാരം ചെയ്യാത്ത ഒരു നായകന്റെ കഥ സിനിമയിൽ വിജയിക്കാറില്ല. ദി പ്രിൻസ്, ചെങ്കോൽ, ഭ്രമരം തുടങ്ങിയ മോഹൻലാൽ സിനിമകൾതന്നെ നോക്കൂ. തിയറ്ററുകളിൽ സിനിമകൾ വിജയിക്കണമെങ്കിൽ കൊലയും കൊള്ളിവയ്പും ക്രൂരതയും പ്രതികാരവും മാത്രമായിരിക്കണം പ്രതിപാദ്യം എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതല്ലേ? മുമ്പൊരു ലക്കത്തിൽ സൂചിപ്പിച്ചതുപോലെ യുഎ സർട്ടിഫിക്കറ്റും 16+ഉം അല്ലാതെയുള്ള സിനിമകൾ ഇപ്പോൾ ഇറങ്ങുന്നില്ലെന്നുതന്നെ പറയേണ്ടിവരും. തുടരും എന്നതും ഈ ഗണത്തിൽപ്പെടുന്നു.

■

Deepanalam Weekly

RNI No : 16998/68
Vol. 58 No. 10 Date of Publication 8 May 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



# ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 90-ാം ചരമവാർഷികം

## 2025 മേയ് 23 വെള്ളി

## പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ




സ്നേഹമുള്ളവരേ,

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 90-ാം ചരമവാർഷികാചരണവും അനുസ്മരണശുശ്രൂഷകളും 2025 മേയ് 14-ാം തീയതി ബുധനാഴ്ചമുതൽ മേയ് 23-ാം തീയതി വെള്ളിയാഴ്ചവരെ പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ ഭക്തിനിർഭരമായി ആചരിക്കുന്നു.

ഈശോയുടെ തിരുഹൃദയത്തിന്റെ കരുണാർദ്രസ്നേഹം മനുഷ്യഹൃദയങ്ങളിലേക്കു പകർന്നുനല്കുന്നതിനു ജീവിതം സമർപ്പിച്ച നല്ല ഇടയൻ, 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പാലായിലും പരിസരപ്രദേശങ്ങളിലും കാരുണ്യത്തിന്റെ നീർച്ചാൽ ഒഴുക്കിയ ദിവ്യകാരുണ്യഭക്തൻ, അനുരഞ്ജനകൂദാശയിലൂടെ ഈശോയിലേക്ക് അനേകരെ അടുപ്പിച്ച തിരുഹൃദയപ്രേഷിതൻ, അനാഥർക്കും ആലംബഹീനർക്കും സാന്ത്വനമേകിയ ആത്മീയഅജപാലകൻ, ഹരിജനോദ്ധാരകൻ, സാമൂഹികപരിഷ്കർത്താവ്, തിരുഹൃദയസന്ന്യാസിനീസമൂഹസ്ഥാപകൻ എന്നിങ്ങനെ വിവിധ തലങ്ങളിൽ പ്രശോഭിച്ച ഈ ദൈവികമനുഷ്യന്റെ ജീവിതദർശനങ്ങൾ ഈ ദിനങ്ങളിൽ പങ്കുവയ്ക്കപ്പെടുന്നു.


ധന്യൻ മത്തായി അച്ചന്റെ കബറിടം

കഴിഞ്ഞ എൺപത്തിയൊമ്പതു വർഷമായി ആശ്വാസദായകനായ മത്തായി അച്ചന്റെ കബറിടത്തിങ്കലേക്കുള്ള വിശ്വാസികളുടെ പ്രവാഹം തുടരുന്നു. അനുഗ്രഹവും ആശ്വാസവും നേടി അവർ സംതൃപ്തിയോടെ മടങ്ങുന്നു. അദ്ദേഹത്തിന്റെ പുണ്യജീവിതം നമുക്കു മാതൃകയാകട്ടെ, പ്രചോദനമാകട്ടെ.

ധന്യൻ മത്തായി അച്ചന്റെ ചരമവാർഷികാചരണതിരുക്കർമ്മങ്ങളിൽ ഭക്ത്യാദരപൂർവ്വം പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സി. തെരേസ് കോയിപ്പുറം S.H. (വൈസ് പോസ്റ്റുലേറ്റർ)
സി. മെർലിൻ അരീപ്പറമ്പിൽ S.H. (പ്രൊവിൻഷ്യൽ സുപ്പീരിയർ)


മാർ ജോസഫ് കല്ലറങ്ങാട്ട് ( ബിഷപ് പാലാ രൂപത )


മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ( ബിഷപ് കോതമംഗലം രൂപത )


മാർ ജോൺ നെല്ലിക്കുന്നേൽ ( ബിഷപ് ഇടുക്കി രൂപത )


മാർ ജോസഫ് കൊല്ലംപറമ്പിൽ ( ബിഷപ് ജഗദൽപൂർ രൂപത )


മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ( കൂരിയ ബിഷപ് മൗണ്ട് സെന്റ് തോമസ്, കാക്കനാട് )


റവ. ഡോ. വിൻസെന്റ് കദളിക്കാട്ടിൽപുത്തൻപുര ( എം.എസ്.ടി. ഡയറക്ടർ ജനറൽ )


സി. ഉഷാമരിയ S.H. ( സുപ്പീരിയർ ജനറൽ )


റവ.ഡോ. ചെറിയാൻ തുണ്ടുപറമ്പിൽ CMI ( പോസ്റ്റുലേറ്റർ )


സി. മെർലിൻ അരീപ്പറമ്പിൽ S.H. ( പ്രൊവിൻഷ്യൽ സുപ്പീരിയർ )


സി. തെരേസ് കോയിപ്പുറം S.H. ( വൈസ് പോസ്റ്റുലേറ്റർ )


റവ. ഡോ. ജോസ് കാക്കല്ലിൽ ( വികാരി, സെന്റ് തോമസ് കത്തീഡ്രൽ, പാലാ )

## ചരമവാർഷികത്തിന് ഒരുക്കമായി മേയ് 14 മുതൽ 22 വരെ

**6.30 am - വിശുദ്ധ കുർബാന, നവനാൾപ്രാർഥന**
**7.30 am - 12.30 pm ദിവ്യകാരുണ്യ ആരാധന**
**3.00 pm - വിശുദ്ധ കുർബാന, നവനാൾപ്രാർഥന**

## 3.00 pm വിശുദ്ധകുർബാന, നവനാൾപ്രാർഥന

| | |
|---|---|
| മേയ് 14 ബുധൻ | : മാർ ജോസഫ് കൊല്ലംപറമ്പിൽ ( ബിഷപ്, ജഗദൽപൂർ രൂപത ) |
| മേയ് 15 വ്യാഴം | : മോൺ. ആന്റണി ഏത്തയ്ക്കാട്ട് ( പ്രോട്ടോ സിഞ്ചെല്ലൂസ്, ചങ്ങനാശേരി അതിരൂപത ) |
| മേയ് 16 വെള്ളി | : റവ. ഡോ. വിൻസെന്റ് കദളിക്കാട്ടിൽപുത്തൻപുര ( എം.എസ്.ടി. ഡയറക്ടർ ജനറൽ, ദീപ്തി, ഭരണങ്ങാനം ) |
| മേയ് 17 ശനി | : റവ. ഫാ. അബ്രാഹം കൊച്ചുവീട്ടിൽ ( വികാരി, സെന്റ് തോമസ് ചർച്ച്, കിഴക്കേമാട്ടുക്കട്ട ) |
| മേയ് 18 ഞായർ | : മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ( ബിഷപ്, കോതമംഗലം രൂപത ) |
| മേയ് 19 തിങ്കൾ | : മാർ ജോൺ നെല്ലിക്കുന്നേൽ (ബിഷപ്, ഇടുക്കി രൂപത) |
| മേയ് 20 ചൊവ്വ | : റവ. ഫാ. മാത്യു കദളിക്കാട്ടിൽ (വികാരി, ക്രിസ്തുരാജ് ചർച്ച്, കയ്യൂർ) |
| മേയ് 21 ബുധൻ | : റവ. ഡോ. ഡൊമിനിക് വെച്ചൂർ (റെക്ടർ, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ) |
| മേയ് 22 വ്യാഴം | : റവ. ഡോ. ഗീവർഗീസ് കുറ്റിയിൽ OIC (സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം, കോട്ടയം) |

## 2025 മേയ് 23 വെള്ളി

| | |
|---|---|
| 10.00 am | : ആഘോഷമായ സമൂഹബലി |
| മുഖ്യകാർമ്മികൻ | : മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ (കൂരിയ ബിഷപ്, മൗണ്ട് സെന്റ് തോമസ്, കാക്കനാട്) |
| 11.45 am | : കബറിടത്തിങ്കൽ ചരമവാർഷികപ്രാർത്ഥനകൾ |
| 12.00 noon | : ശ്രാദ്ധനേർച്ച വെഞ്ചരിപ്പ് മുഖ്യകാർമ്മികൻ മാർ ജോസഫ് കല്ലറങ്ങാട്ട് (ബിഷപ്, പാലാ രൂപത) |

**ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ മാദ്ധ്യസ്ഥ്യംവഴി അനുഗ്രഹങ്ങൾ ലഭിക്കുന്നവർ**

**The Vice Postulator,**
**S.H. Provincial House, Pala-686 575**
**Ph:9449636975,9947625039**

**എന്ന വിലാസത്തിൽ ഫോൺനമ്പർ സഹിതം വിശദമായി അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.**

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org